# പാളാത്ത പ്രതീക്ഷ, പ്രവചനവും

**അഞ്ച് സ്വതന്ത്രന്മാരടക്കം 63 സീറ്റുകൾ വാരിക്കൂട്ടിയ സി.പി.എമ്മാണ് നിയമസഭയിലെ ഏറ്റവും വലിയ കക്ഷി. കഴിഞ്ഞ നിയമസഭയിലും 47 സീറ്റുകളുണ്ടായിരുന്ന സി.പി.എം. തന്നെയായിരുന്നു ഏറ്റവും വലിയ ഒറ്റക്കക്ഷി. സി.പി.ഐയ്ക്ക് 13 സീറ്റുണ്ടായിരുന്നത് ഇത്തവണ 19 ആയി വർദ്ധിച്ചു. യു.ഡി.എഫിൽ ഏറ്റവും വലിയ നഷ്ടം കോൺഗ്രസ്സിനാണ്. 38 സീറ്റുണ്ടായിരുന്നത് 21 ആയി ഇടിഞ്ഞു. 2006ൽ ഇതിലും വലിയ വിജയം എൽ.ഡി.എഫ്. നേടിയപ്പോൾപ്പോലും കോൺഗ്രസ്സിന് 24 സീറ്റുണ്ടായിരുന്നു. ലീഗിൻെറ 20 സീറ്റ് 18 ആയും കേരളാ കോൺഗ്രസ് എമ്മിന്റെ 9 സീറ്റ് 6 ആയും കുറഞ്ഞു**

പ്രതീക്ഷിച്ചതു തന്നെ സംഭവിച്ചു. ഇടതു മുന്നണി അധികാരത്തിൽ. 140 മണ്ഡലങ്ങളിലൂടെയും സഞ്ചരിച്ചപ്പോൾ മനസ്സിലാക്കിയതും പിന്നീട് കുറിച്ചിട്ടതുമായ കാര്യങ്ങൾ ശരിയാണെന്ന് ഫലം സാക്ഷ്യപ്പെടുത്തുന്നു. യു.ഡി.എഫിന് മുൻതൂക്കം കോട്ടയം, എറണാകുളം, മലപ്പുറം ജില്ലകളിൽ മാത്രം. കൊല്ലം ജില്ല എൽ.ഡി.എഫ്. തൂത്തുവാരി. ആലപ്പുഴയിലും പത്തനംതിട്ടയിലും തൃശ്ശൂരിലും യു.ഡി.എഫിന് നേടാനായത് ഒരോ സീറ്റ് മാത്രം. വോട്ടിലെ 5 ശതമാനം വ്യതിയാനം ഒരു മുന്നണിയെ തൂത്തെറിയാൻ പോരുന്നതാണെന്ന പ്രവചനം തെറ്റിയില്ല. ഇത്തവണ എൽ.ഡി.എഫ്. 43.42 ശതമാനം വോട്ട് നേടിയപ്പോൾ യു.ഡി.എഫിന് 38.8 ശതമാനം മാത്രം. കഴിഞ്ഞ തവണ എൽ.ഡി.എഫിന് 44.94 ശതമാനവും യു.ഡി.എഫിന് 45.83 ശതമാനവും വോട്ടുണ്ടായിരുന്നു എന്നോർക്കണം. ഇരു മുന്നണികളുടെയും വോട്ട് വിഹിതം കുറഞ്ഞപ്പോൾ എൻ.ഡി.എയ്ക്കാണ് വലിയ വളർച്ചയുണ്ടായത്. 2011ലെ 6.07 ശതമാനം വോട്ട് ഇത്തവണ 14.65ശതമാനമാക്കി അവർ ഉയർത്തി.

5 സ്വതന്ത്രരടക്കം 63 സീറ്റുകൾ വാരിക്കൂട്ടിയ സി.പി.എം. തന്നെയാണ് നിയമസഭയിലെ ഏറ്റവും വലിയ കക്ഷി. കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷത്തായിരുന്നു സ്ഥാനമെങ്കിലും 47 സീറ്റുകളുണ്ടായിരുന്ന സി.പി.എം. തന്നെയായിരുന്നു ഏറ്റവും വലിയ ഒറ്റക്കക്ഷി. സി.പി.ഐയ്ക്ക് 13 സീറ്റുണ്ടായിരുന്നത് ഇത്തവണ 19 ആയി. വർദ്ധിച്ചു. ഇടതുമുന്നണിയിൽ നഷ്ടം നേരിട്ട ഏക കക്ഷി ജനതാദൾ-എസ്സാണ്. അവരുടെ പക്കൽ 4 സീറ്റ് ഉണ്ടായിരുന്നത് 3 ആയി കുറഞ്ഞു. എൻ.സി.പിയുടെ 2 എം.എൽ.എമാരും വീണ്ടുമെത്തി. കോൺഗ്രസ് -എസ്, കേരളാ കോൺഗ്രസ്-ബി, ആർ.എസ്.പി.-ലെനിനിസ്റ്റ്, സി.എം.പി.-അരവിന്ദാക്ഷൻ വിഭാഗം എന്നിവർക്ക് കിട്ടിയ ഓരോ സീറ്റ് കൂടിയായാൽ എൽ.ഡി.എഫ്. പട്ടിക തികഞ്ഞു. തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കേരളാ കോൺഗ്രസ് -എമ്മിൽ നിന്ന് പിരിഞ്ഞെത്തിയ ജനാധിപത്യ കേരളാ കോൺഗ്രസ്, ഐ.എൻ.എൽ. എന്നിവർക്ക് ഒരു സീറ്റും കിട്ടിയില്ല. യു.ഡി.എഫിൽ ഏറ്റവും വലിയ നഷ്ടം കോൺഗ്രസ്സിനാണ്. 38 സീറ്റുണ്ടായിരുന്നത് 22 ആയി ഇടിഞ്ഞു. സമീപകാലത്തെ ഏറ്റവും കുറഞ്ഞ അംഗസംഖ്യയാണിത്. 2006ൽ ഇതിലും വലിയ വിജയം എൽ.ഡി.എഫ്. നേടിയപ്പോൾപ്പോലും കോൺഗ്രസ്സിന് 24 സീറ്റുണ്ടായിരുന്നു. സീറ്റുകളുടെ എണ്ണത്തിൽ കുറവുണ്ടായെങ്കിലും മുസ്ലിം ലീഗും കേരളാ കോൺഗ്രസ്-എമ്മും വലിയ പരിക്കില്ലാതെ പിടിച്ചുനിന്നു. ലീഗിന്റെ 20 സീറ്റ് 18 ആയും കേരളാ കോൺഗ്രസ്-എമ്മിന്റെ 9 സീറ്റ് 6 ആയും കുറഞ്ഞു. കേരളാ കോൺഗ്രസ്-ജേക്കബ്ബ് വിഭാഗത്തിന് 1 സീറ്റുണ്ട്. ആർ.എസ്.പി., ജനതാദൾ-യു, സി.എം.പി.-ജോൺ വിഭാഗം എന്നിവർക്ക് നിയമസഭയുടെ പടി കടക്കാനായില്ല. ചരിത്രത്തിലാദ്യമായി ബി.ജെ.പിക്ക് നിയമസഭയിൽ 1 സീറ്റ് ലഭിച്ചുവെന്നത് എടുത്തുപറയണം. മൂന്ന് മുന്നണികളുടെയും പിൻതുണയില്ലാതെ ഒറ്റയ്ക്ക് മത്സരിച്ച് പി.സി.ജോർജ്ജും നിയമസഭയിൽ ഇടം നേടി.



കടകംപള്ളി സുരേന്ദ്രൻ


സി.ദിവാകരൻ

തലസ്ഥാന ജില്ല പിടിച്ചാൽ ഭരണം എന്ന ചരിത്രം ഇക്കുറിയും തിരുത്തപ്പെട്ടില്ല. യു.ഡി.എഫിന് വലിയ ആത്മവിശ്വാസം വേണ്ടെന്ന സൂചനകൾ തന്നെയാണ് തലസ്ഥാന ജില്ലയിലെ അന്തർധാരകൾ നൽകിയിരുന്നത്. ഇത്തവണ 5 സിറ്റിങ് എം.എൽ.എമാർ മാത്രമാണ് നിയമസഭയിൽ തിരിച്ചെത്തുന്നത്. ബാക്കി ഒൻപതിടത്തും പുതിയ എം.എൽ.എമാരാണ്. തിരുവനന്തപുരത്ത് വി.എസ്.ശിവകുമാർ, വട്ടിയൂർക്കാവിൽ കെ.മുരളീധരൻ, അരുവിക്കരയിൽ കെ.എസ്.ശബരീനാഥൻ എന്നിവർ യു.ഡി.എഫിലും ആറ്റിങ്ങലിൽ ബി.സത്യൻ, ചിറയിൻകീഴിൽ വി.ശശി എന്നിവർ എൽ.ഡി.എഫിലും വീണ്ടും ജയിച്ചു. ഇതിൽ സത്യന് 40,383 വോട്ടുകളുടെ ഭൂരിപക്ഷമുണ്ട്. തോറ്റ സിറ്റിങ് എം.എൽ.എമാരിൽ കാട്ടാക്കടയിൽ സ്പീക്കർ എൻ.ശക്തനും നെടുമങ്ങാട് ഡെപ്യൂട്ടി സ്പീക്കർ പാലോട് രവിയും ഉൾപ്പെടുന്നു. ശക്തൻ തോറ്റത് വെറും 849 വോട്ടുകൾക്കാണ്. വർക്കലയിൽ വർക്കല കഹാർ, കഴക്കൂട്ടത്ത് എം.എ.വാഹീദ്, നെയ്യാറ്റിൻകരയിൽ ആർ.സെൽവരാജ്, പാറശ്ശാലയിൽ എ.ടി.ജോർജ്ജ് എന്നിവരാണ് തോറ്റ യു.ഡി.എഫ് എം.എൽ.എമാർ. എൽ.ഡി.എഫിൽ നേമത്ത് വി.ശിവൻകുട്ടി, കോവളത്ത് ജമീലാ പ്രകാശം എന്നീ എം.എൽ.എമാർ തോറ്റു. ഇതിൽ ചേരിമാറിയ സെൽവരാജിനോട് ഇക്കുറി സി.പി.എം. കണക്കുതീർത്തു എന്ന് എടുത്തുപറയണം. കരുനാഗപ്പള്ളിയിൽ നിന്ന് നെടുമങ്ങാട്ടേക്ക് മാറിയെത്തിയ സി.ദിവാകരൻ ഇവിടെയും ജയിച്ചു. വർക്കലയിൽ വി.ജോയി, വാമനപുരത്ത് ഡി.കെ.മുരളി, കഴക്കൂട്ടത്ത് മുൻ എം.എൽ.എയായ കടകംപള്ളി സുരേന്ദ്രൻ, കാട്ടാക്കടയിൽ ഐ.ബി.സതീഷ്, നെയ്യാറ്റിൻകരയിൽ കെ.ആൻസലൻ, പാറശ്ശാലയിൽ സി.കെ.ഹരീന്ദ്രൻ എന്നിവർ എൽ.ഡി.എഫിന്റെയും കോവളത്തെ എം.വിൻസെന്റ് യു.ഡി.എഫിലെയും പുതിയ എം.എൽ.എമാരായി. നേമത്തെ ഒ.രാജഗോപാൽ സംസ്ഥാനത്ത് ബി.ജെ.പിയുടെ ആദ്യ എം.എൽ.എ. ആയതും എടുത്തുപറയണം. ശക്തമായ ത്രികോണ മത്സരം നടന്ന നാലു മണ്ഡലങ്ങൾ ജില്ലയിലെ മത്സരം ശബ്ദായമാനമാക്കി. പക്ഷേ, അതിൽ താമര വിരിഞ്ഞ നേമത്ത് മത്സരം ദ്വികോണം മാത്രമായിരുന്നുവെന്ന് ഫലം വന്നപ്പോൾ വ്യക്തമായി. സംസ്ഥാനത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ടത് നേമത്തെ ബി.ജെ.പിയുടെ വിജയമാണ്, ഒരു പക്ഷേ എൽ.ഡി.എഫിന് ഭരണാരോഹണത്തെക്കാൾ കൂടുതൽ. നേമത്ത് ഒന്നാമനായ രാജഗോപാലിനും രണ്ടാമനായ ശിവൻകുട്ടിക്കും ലഭിച്ച വോട്ടുകൾ പരിഗണിക്കും മുമ്പ് മൂന്നാമനായ യു.ഡി.എഫ്. സ്ഥാ

നാർത്ഥി സുരേന്ദ്രൻ പിള്ളയ്ക്കു കിട്ടിയ വോട്ടുകൾ നോക്കണം -13,860. ഏറ്റവും കുറഞ്ഞത് 25,000 കോൺഗ്രസ്സുകാരെങ്കിലും ഉള്ള മണ്ഡലമാണ് നേമം. ശിവൻകുട്ടി യുഗത്തിനു മുമ്പ് മൂന്നു തവണ തുടർച്ചയായി കോൺഗ്രസ് ജയിച്ച മണ്ഡലം. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിലെ ചാരുപാറ രവിക്ക് കിട്ടിയത് 20,248 വോട്ടുകൾ. 2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിലെ ശശി തരൂർ അത് 32,639 വോട്ടുകളാക്കി ഉയർത്തി. 2015ലെ തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന്റെ വോട്ട് വീണ്ടും കുറഞ്ഞു -26,035 വോട്ടുകൾ. ഈ കണക്കുകൾ പ്രകാരം സുരേന്ദ്രൻ പിള്ള മൂന്നാം സ്ഥാനത്താവുമെന്ന് നേരത്തേ വിലയിരുത്തപ്പെട്ടിരുന്നു. പക്ഷേ, വോട്ട് ഇത്രയും താഴെപ്പോകുമെന്ന് ആരും കരുതിയില്ല. സംസ്ഥാനത്ത് യു.ഡി.എഫിന് ഏറ്റവും കുറവ് വോട്ടുകൾ ലഭിച്ച മണ്ഡലമായി നേമം മാറി. നേമത്തെ സംബന്ധിച്ച എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചത് ഇതാണ്. 2011ൽ ലഭിച്ച 50,076 വോട്ടുകൾ ഇത്തവണ ശിവൻകുട്ടി 59,142 വോട്ടുകളാക്കി ഉയർത്തിയിട്ടും ജയിക്കാനായില്ല. 2011ലെ 43,661 വോട്ടുകൾ രാജഗോപാൽ ഇക്കുറി 67,813 വോട്ടുകളാക്കി ഉയർത്തിയതാണ് കാരണം. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. 50,685 വോട്ടുകൾ നേടിയത് 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ 42,124 വോട്ടുകളായി കുറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.ഐ. നിർത്തിയ നാടാർ സ്ഥാനാർത്ഥിയുടേത് പേമെന്റ് സീറ്റാണെന്ന വിവാദം ബി.ജെ.പിക്ക് ഗുണം ചെയ്തതാണ് വോട്ടുയരാൻ കാരണം. തദ്ദേശ തിരഞ്ഞെടുപ്പിൽ ആ നേട്ടം നിലനിൽക്കാൻ സ്വാഭാവികമായും സാദ്ധ്യതയുണ്ടായിരുന്നില്ല. എന്നാൽ, ഈ നഷ്ടം നികത്തി ലീഡെടുത്ത് രാജഗോപാൽ നിയമസഭയിലേക്ക് ജയിച്ചുകയറി. 2011ൽ 6,415 വോട്ടിന് രാജഗോപാൽ തോറ്റിടത്ത് 2016ൽ 8,671 വോട്ടുകൾക്ക് ജയിച്ചു. യഥാർത്ഥ ത്രികോണ മത്സരം നടന്ന കഴക്കൂട്ടത്തും വട്ടിയൂർക്കാവിലും രണ്ടാം സ്ഥാനത്തെത്തിയ ബി.ജെ.പി. തിരുവനന്തപുരം മണ്ഡലത്തിൽ നേരിയ വ്യത്യാസത്തിനാണ് മൂന്നാമതായത്. എല്ലാ മണ്ഡലങ്ങളിലും 10,000 വോട്ടുകളിലേറെ നേടിയ എൻ.ഡി.എ. സഖ്യം നേമം അടക്കം ഏഴിടത്ത് 30,000ത്തിലധികം വോട്ടുകൾ പിടിച്ചു. ബാർ കോഴയുടെ ആണിക്കല്ലായി വന്ന് അണ്ണാ ഡി.എം.കെ. സ്ഥാനാർത്ഥിയായി തിരുവനന്തപുരത്തു മത്സരിച്ച ഡോ. ബിജു രമേശ് 5,762 വോട്ടുകൾ പിടിച്ചു.

### തിരുവനന്തപുരം 2016




### 2011




### കൊല്ലം 2016




### 2011




കൊല്ലം ഇടതിന്റെ ഇല്ലമാണെന്നത് അക്ഷരാർത്ഥത്തിൽ ശരിവെച്ചുകൊണ്ട് 11 മണ്ഡലങ്ങളിലും യു.ഡി.എഫ്. തകർന്നടിഞ്ഞു. തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ ഏറെക്കുറെ ഏകപക്ഷീയമായി ലഭിച്ച വിജയം കൂടുതൽ മികവോടെ ആവർത്തിക്കാൻ


മുകേഷ്


മുല്ലക്കര രത്നാകരൻ

എൽ.ഡി.എഫിനായി. കൊല്ലത്തിന്റെ സ്വന്തം പാർട്ടിയായ ആർ.എസ്.പി. തുടച്ചുനീക്കപ്പെട്ടു എന്നതാണ് ഇത്തവണത്തെ തിരഞ്ഞെടുപ്പിന്റെ ബാക്കിപത്രം. സി.പി.എമ്മും സി.പി.ഐയും ജില്ലയിൽ 4 സീറ്റുകൾ വീതം നേടിയപ്പോൾ കേരളാ കോൺഗ്രസ്-ബി, ആർ.എസ്.പി.-ലെനിനിസ്റ്റ്, സി.എം.പി.-അരവിന്ദാക്ഷൻ വിഭാഗം എന്നിവർ ഒരു സീറ്റു വീതം നേടി. ജില്ലയിലെ ഏറ്റവും വലിയ വീഴ്ച ചവറയിൽ മന്ത്രി ഷിബു ബേബി ജോണിന്റേതു തന്നെ. പേമെന്റ് സീറ്റ് വിവാദത്തിന്റെ അകമ്പടിയോടെയാണ് വന്നതെങ്കിലും എൻ.വിജയൻ പിള്ള മന്ത്രിയെ അടിച്ചുവീഴ്ത്തി. ഒരിക്കൽ ജയിച്ചാൽ അടുത്ത തവണ



തോൽക്കുക എന്ന പതിവ് ഷിബു ആവർത്തിച്ചു. സിനിമാ താരങ്ങളുടെ പോരാട്ടം നടന്ന പത്തനാപുരത്ത് എൽ.ഡി.എഫിന്റെ സിറ്റിങ് എം.എൽ.എ. കെ.ബി.ഗണേഷ് കുമാർ 24,562 വോട്ടുകളായി ഭൂരിപക്ഷം വർദ്ധിപ്പിക്കുന്നതാണ് കണ്ടത്. വലിയ ബഹളമൊക്കെ ഉണ്ടാക്കിയെങ്കിലും യു.ഡി.എഫിനായിറങ്ങിയ ജഗദീഷും ബി.ജെ.പിക്കായിറങ്ങിയ ഭീമൻ രഘുവും നിലം തൊട്ടില്ല. സി.പി.എമ്മിനുവേണ്ടി കൊല്ലത്ത് മത്സരിക്കാനിറങ്ങിയ മറ്റൊരു താരമായ മുകേഷും 17,611 വോട്ടിന് ജയിച്ചു കയറി. കുന്നത്തൂരിൽ കോവൂർ കുഞ്ഞുമോൻ, ചടയമംഗലത്ത് മുല്ലക്കര രത്നാകരൻ, പുനലൂരിൽ കെ.രാജു, ചാത്തന്നൂരിൽ ജി.എസ്.ജയലാൽ, കൊട്ടാരക്കരയിൽ പി.അയിഷാ


വീണാജോർജ്

പോറ്റി എന്നിവർ എം.എൽ.എമാരായി തുടരും. അയിഷാ പോറ്റിക്കു ലഭിച്ച 42,632 വോട്ടിന്റെ ഭൂരിപക്ഷം അവരെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു. കുണ്ടറയിൽ മുൻ എം.എൽ.എ. കൂടിയായ ജെ.മേഴ്സിക്കുട്ടിയമ്മ, ഇരവിപുരത്ത് എം.നൗഷാദ്, കരുനാഗപ്പള്ളിയിൽ ആർ.രാമചന്ദ്രൻ എന്നിവർ പുതിയ എം.എൽ.എമാർ. എൽ.ഡി.എഫിന് ചെറിയൊരു ഭീഷണിയെങ്കിലും യു.ഡി.എഫിന് ഉയർത്താനായത് കരുനാഗപ്പള്ളിയിൽ മാത്രം. അവിടെ സി.ആർ.മഹേഷ് തോറ്റത് 1,759 വോട്ടുകൾക്ക്. ആർ.എസ്.പിയെ യു.ഡി.എഫിലെത്തിച്ച സംസ്ഥാന സെക്രട്ടറി എ.എ.അസീസിനെ കിടത്തുക എന്ന ലക്ഷ്യം സി.പി.എം. ഇരവിപുരത്ത് ക്ലിനിക്കൽ പെർഫെക്ഷനോടെയാണ് നടപ്പാക്കിയത് -28,803 വോട്ടുകളുടെ ഭൂരിപക്ഷത്തിന്. എല്ലായിടത്തും വോട്ടു വർദ്ധിപ്പിച്ച ബി.ജെ.പി. ചാത്തന്നൂരിൽ രണ്ടാമതെത്തി.

### പത്തനംതിട്ട 2016




### 2011




### ആലപ്പുഴ 2016




### 2011




പക്ഷേ, അവിടെ ബി.ജെ.പിയുടെ ബി.ബി.ഗോപകുമാർ പിടിച്ച 33,199 വോട്ടുകളെക്കാൾ വലിയ ഭൂരിപക്ഷത്തിനാണ് ജയലാൽ ജയിച്ചത് -34,407 വോട്ടുകൾക്ക്.

പത്തനംതിട്ടയിൽ അഞ്ചിടത്തും ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്നുവെങ്കിലും ഒരു മുന്നണി പൂർണ്ണമായി മുങ്ങിപ്പോയാൽ അത്ഭുതപ്പെടാനില്ല എന്നായിരുന്നു പ്രവചനം. യു.ഡി.എഫ്. ജില്ലയായി അറി


ജി. സുധാകരൻ


തോമസ് ഐസക്

യപ്പെടുന്ന പത്തനംതിട്ടയിൽ എൽ.ഡി.എഫ്. 4 മണ്ഡലങ്ങളിൽ വെന്നിക്കൊടി പാറിച്ചു. ജില്ലയിലെ 4 മണ്ഡലങ്ങളിൽ സിറ്റിങ് എം.എൽ.എമാരെ തന്നെയാണ് ജനങ്ങൾ വിജയിപ്പിച്ചത് -3 എൽ.ഡി.എഫും ഒരു യു.ഡി.എഫും. ആന്മുളയിൽ യു.ഡി.എഫിലെ കെ.ശിവദാസൻ നായർക്കു മാത്രം തുടരവസരം കിട്ടിയില്ല. ബി.ജെ.പി. -ബി.ഡി.ജെ.എസ്. സഖ്യം ജില്ലയിൽ യു.ഡി.എഫിന് നഷ്ടമുണ്ടാക്കിയെന്ന് വോട്ടു കണക്കുകൾ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. വിവാദങ്ങൾക്കൊടുവിൽ സീറ്റുറപ്പിച്ച മന്ത്രി അടൂർ പ്രകാശാണ് ജില്ലയിൽ യു.ഡി.എഫിന്റെ മാനം കാത്തത്. 2011ലെ

7,774 വോട്ടുകളുടെ ഭൂരിപക്ഷം ഇത്തവണ 20,748 വോട്ടുകളായി അദ്ദേഹം ഉയർത്തുകയും ചെയ്തു. യു.ഡി.എഫിൽ നിന്ന് അടൂർ പ്രകാശ് തുടർച്ചയായ അഞ്ചാം തവണ വിജയിച്ചപ്പോൾ എൽ.ഡി.എഫിൽ നിന്ന് റാന്നിയിൽ രാജു എബ്രഹാം അതേ നേട്ടം കൈവരിച്ചു. ഭൂരിപക്ഷം കഴിഞ്ഞ തവണത്തേതിൽ നിന്ന് ഇരട്ടിയാക്കി വർദ്ധിപ്പിക്കുന്നതിലും രാജു വിജയിച്ചു. യു.ഡി.എഫിനെ, വിശേഷിച്ച് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ഏറ്റവുമധികം വേദനിപ്പിച്ചത് ആറന്മുളയിൽ ശിവദാസൻ നായരുടെ പരാജയമാണ്. ശക്തമായ

## കോട്ടയം 2016




## 2011






സുരേഷ്കുറുപ്പ്



എം.എം.മണി

## ഇടുക്കി 2016




## 2011






പി.സി.ജോർജ്



ബിജിമോൾ

ത്രികോണ മത്സരം നടന്ന ആറന്മുളയിൽ മാധ്യമപ്രവർത്തകയായ വീണാ ജോർജ്ജിനെ ഇറക്കി സി.പി.എം. നടത്തിയ പരീക്ഷണം വിജയിച്ചു. 7,646 വോട്ടുകൾക്കാണ് വീണയുടെ ജയം. ബി.ജെ.പിയുടെ എം.ടി.രമേശ് ഇവിടെ 37,906 വോട്ടുകൾ നേടി. അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട് മത്സരിച്ച തിരുവല്ലയിലും എൻ.ഡി.എ. 31,439 വോട്ടുകൾ സമാഹരിച്ചു. തൽഫലമായി എൽ.ഡി.എഫിലെ മാത്യു ടി.തോമസിന്റെ ഭൂരിപക്ഷം കഴിഞ്ഞ തവണത്തെ 10,767 വോട്ടുകളിൽ നിന്ന് 8,262 വോട്ടുകളായി കുറഞ്ഞു. അടൂരിൽ കഴിഞ്ഞ തവണ പന്തളം സുധാകരനെ വെറും 607 വോട്ടുകൾക്കാണ് ചിറ്റയം ഗോപകുമാർ തോൽപ്പിച്ചതെങ്കിൽ ഇക്കുറി കെ.ക.ഷാജുവിനെതിരെ മത്സരിച്ചപ്പോൾ ഭൂരിപക്ഷം 25,460 ആക്കി ഉയർത്തി.

ആരോടും അയിത്തമില്ലാത്ത ആലപ്പുഴക്കാർ ഇക്കുറിയും ചുവപ്പണിഞ്ഞു. കഴിഞ്ഞ തവണ യു.ഡി.എഫ്. ഭരിച്ചപ്പോൾ ജില്ലയിലെ 9 മണ്ഡലങ്ങളിൽ ഭരണപക്ഷത്തുണ്ടായിരുന്നത് 2 എം.എൽ.എമാർ മാത്രം. ഇക്കുറി അത് ഹരിപ്പാട്ടു നിന്ന് മന്ത്രി രമേശ് ചെന്നിത്തലയ്ക്കു മാത്രം തുടരാൻ ജനം അനുമതി നൽകി. ഉമ്മൻ ചാണ്ടിയുടെ വിശ്വസ്തനായ പി.സി.വിഷ്ണുനാഥിന് ചെങ്ങന്നൂരിൽ അടിപതറി. 7,983 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് സി.പി.എമ്മിന്റെ കെ.കെ.രാമചന്ദ്രൻ നായർ ജയിച്ചുകയറിയത്. 42,682 വോട്ടു പിടിച്ച് മത്സരം ത്രികോണമാക്കിയ ബി.ജെ.പിയുടെ പി.എസ്.ശ്രീധരൻ പിള്ളയും വിഷ്ണുവിന്റെ തോൽവിക്ക് ആക്കം കൂട്ടി. എന്നാൽ, കോൺഗ്രസ് റിബലായെത്തിയ ശോഭനാ ജോർജ്ജിന് ലഭിച്ചത് 3,966 വോട്ടുകൾ മാത്രം. ചെങ്ങന്നൂർ ചുവന്നത് 25 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ്.



എൽ.ഡി.എഫിൽ നിന്ന് രാമചന്ദ്രൻ നായർക്കു പുറമെയുള്ള മറ്റൊരു പുതുമുഖം കായംകുളത്തെ യു.പ്രതിഭാ ഹരിയാണ്. ചേർത്തലയിൽ പി.തിലോത്തമൻ, മാവേലിക്കരയിൽ ആർ.രാജേഷ്, ആലപ്പുഴയിൽ ഡോ. ടി.എം.തോമസ് ഐസക്ക്, കുട്ടനാട്ടിൽ തോമസ് ചാണ്ടി, അരൂരിൽ എ.എം.ആരിഫ്, അമ്പലപ്പുഴയിൽ ജി.സുധാകരൻ എന്നിവരാണ് എൽ.ഡി.എഫിൽ നിന്നു വിജയം വരിച്ച സിറ്റിങ് എം.എൽ.എമാർ. ആരിഫിനാണ് ജില്ലയിലെ ഏറ്റവും വലിയ ഭൂരിപക്ഷം –38,519 വോട്ടുകൾ. ബി.ജെ.പി. –ബി.ഡി.ജെ.എസ്. സഖ്യത്തിന് ജില്ലയിലെ അന്തിമഫല നിർണ്ണയത്തിൽ കാര്യമായ സ്വാധീനം ചെലുത്താനായിട്ടില്ല. എന്നാൽ, ജില്ലയിൽ എൻ.ഡി.എ. വോട്ടുകളിലുണ്ടായ വർദ്ധന കാണാതിരിക്കാനാവില്ല. കഴിഞ്ഞ തവണ ജില്ലയിലെ മിക്ക മണ്ഡലങ്ങളിലും എൻ.ഡി.എയ്ക്ക് 10,000ൽ താഴെ മാത്രം വോട്ടുകൾ ലഭിച്ചപ്പോൾ ഇത്തവണ എല്ലാ മണ്ഡലങ്ങളിലും 12,000ൽ അധികം വോട്ടുകൾ അവർ നേടി. 40,000 കടന്ന ചെങ്ങന്നൂരാണ് മുന്നിൽ. കുട്ടനാട്ടിൽ 33,044 വോട്ടുകളും മാവേലിക്കരയിൽ 30,929 വോട്ടുകളും നേടിയത് എടുത്തുപറയണം. ബി.ഡി.ജെ.എസ്. അഖിലേന്ത്യാ പാർട്ടിയെന്നാണ് അവകാശപ്പെടുന്നതെങ്കിലും ആസ്ഥാനം ആലപ്പുഴയാണ്. അതിനാൽ ജില്ലയെ പാർട്ടിയുടെ ശക്തികേന്ദ്രമാക്കാൻ ശ്രമമുണ്ടായി. കുട്ടനാട്ടിൽ ബി.ഡി.ജെ.എസ്. ജനറൽ സെക്രട്ടറി സുഭാഷ് വാസു ജയിക്കുമെന്ന് അവകാശപ്പെട്ടിരുന്നുവെങ്കിലും മൂന്നാം സ്ഥാനം തന്നെയായിരുന്നു വിധി. കുട്ടനാട്ടിൽ കേരളാ കോൺഗ്രസ്–എം വിമതനായ ജോസ് കോയിപ്പള്ളി വെറും 263 വോട്ടുകളാണ് നേടിയതെന്നതും ശ്രദ്ധേയം. തിരുവനന്തപുരത്തെപ്പോലെ ബി.ജെ.പി. വോട്ടുകച്ചവടം നടത്തി എന്ന ആരോപണം ഉയർന്ന ജില്ലയാണ് ആലപ്പുഴ. രമേശ് ചെന്നിത്തലയ്ക്കെതിരെ ദുർബലനായ സ്ഥാനാർത്ഥിയെ നിർത്തി എന്ന ആക്ഷേപം നേരത്തേ തന്നെയുണ്ടായിരുന്നു. ഹരിപ്പാട്ടെ ഡി.അശ്വനിദേവാണ് ജില്ലയിൽ ഏറ്റവും കുറച്ച് വോട്ടുകൾ പിടിച്ച എൻ.ഡി.എ. സ്ഥാനാർത്ഥി –12,985.

തങ്ങൾക്കൊപ്പമാണെന്ന് യു.ഡി.എഫിന് ഉറപ്പുള്ള ജില്ലയാണ് കോട്ടയം. ആ ഉറപ്പ് തെറ്റിയില്ല. 2011ലെപ്പോലെ ഏറ്റുമാനൂരും വൈക്കവും മാത്രമാണ് ഇത്തവണയും എൽ.ഡി.എഫിന് ലഭിച്ചത്. ഏറ്റുമാ

## എറണാകുളം 2016




## 2011






എം.സ്വരാജ്



സുനിൽകുമാർ

## തൃശൂർ 2016




## 2011






എസ്. ശർമ്മ



രവീന്ദ്രനാഥ്

നൂരിൽ നിന്ന് സിറ്റിങ് എം.എൽ.എ. സുരേഷ് കുറുപ്പ് ജയിച്ചുകയറിയപ്പോൾ വൈക്കത്തുകാർ സി.കെ.ആശ എന്ന പുതുമുഖത്തെ വിജയതിലകമണിയിച്ചു. പക്ഷേ, യു.ഡി.എഫിന്റെ കൈവശമുള്ള മണ്ഡലങ്ങൾ ഏഴിൽ നിന്ന് ആറായി കുറഞ്ഞു. ആ കുറവ് വരുത്തിയയാളാണ് കോട്ടയം ജില്ലയിലെ താരം –മൂന്നു മുന്നണികളെയും തകർത്തെറിഞ്ഞ് പൂഞ്ഞാറിൽ വെന്നിക്കൊടി പാറിച്ച പി.സി.ജോർജ്. സിറ്റിങ് എം.എൽ.എയായ ജോർജ് വിജയിച്ചു എന്നതിനെക്കാൾ അത്ഭുതപ്പെടുത്തിയത് അദ്ദേഹത്തിനു ലഭിച്ച ഭൂരിപക്ഷമാണ് –27,821 വോട്ടുകൾ. യു.ഡി.എഫ്. ഇവിടെ രണ്ടാമതെത്തിയപ്പോൾ എൽ.ഡി.എഫ്. മൂന്നാമതാണ്.കെട്ടിവച്ച പണവും പോയി. എൽ.ഡി.എഫിന്റെ അക്കൗണ്ടിൽ സാധാരണനിലയിൽ വരേണ്ടതിന്റെ പകുതി വോട്ടുകൾ മാത്രമേ ജനാധിപത്യ കേരളാ കോൺഗ്രസ് സ്ഥാനാർത്ഥിയായ പി.സി.ജോസഫിനു ലഭിച്ചുള്ളൂ –22,270. യു.ഡി.എഫിന്റെ വോട്ടുകളിൽ ഒരു ഭാഗവും ജോർജ് കൊണ്ടുപോയിട്ടുണ്ട്. ജോർജ് വീണ്ടും ജയിച്ചുവെങ്കിൽ കൂറുമാറി എന്ന പരാതിയിന്മേൽ കഴിഞ്ഞ നിയമസഭയിൽ നിന്ന് അദ്ദേഹത്തെ അയോഗ്യനാക്കാൻ നടപടിയെടുത്ത സ്പീക്കർ എൻ.ശക്തൻ തോറ്റുവെന്നത് വിരോധാഭാസം.

## പാലക്കാട് 2016




2011






മുഹമ്മദ് മുഹസിൻ



കുഞ്ഞാലിക്കുട്ടി

## മലപ്പുറം 2016




2011






വിജയദാസ്



കെ.ടി.ജലീൽ

42,256 വോട്ടുകളുടെ ഭൂരിപക്ഷവുമായി കടുത്തുരുത്തി നിലനിർത്തിയ മോൻസ് ജോസഫാണ് യു.ഡി.എഫ്. നിരയിൽ ഏറ്റവും തിളക്കമാർന്ന ജയം നേടിയത്. കഴിഞ്ഞ തവണ വെറും 711 വോട്ടുകൾക്ക് കോട്ടയം പിടിച്ച തിരുവഞ്ചൂർ രാധാകൃഷ്ണൻ 33,632 വോട്ടുകളായി ഭൂരിപക്ഷം വർദ്ധിപ്പിച്ചു. "കരിക്ക് കുടി" പ്രശ്നമായെങ്കിലും അഴിമതി ആരോപണങ്ങൾ നേരിടാത്തയാളാണ് തിരുവഞ്ചൂർ എന്നത് ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിക്കണം. പുതുപ്പള്ളിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പാലായിൽ മന്ത്രി കെ.എം.മാണി, ചങ്ങനാശ്ശേരിയിൽ സി.എഫ്.തോമസ്, കാഞ്ഞിരപ്പള്ളിയിൽ ഡോ.എൻ.ജയരാജ് എന്നിവർ യു.ഡി.എഫ്. നിരയിൽ നിന്നു വിജയിച്ചുവെങ്കിലും ഭൂരിപക്ഷം കുറഞ്ഞു. കേരളാ കോൺഗ്രസ് –എമ്മിലെ പിളർപ്പ് നേരിട്ട് ബാധിച്ച മണ്ഡലങ്ങളാണ് പൂഞ്ഞാറും ചങ്ങനാശ്ശേരിയും. പിളർന്നു മാറിയ ജനാധിപത്യ കേരളാ കോൺഗ്രസ്സും മാണി വിഭാഗവും മുഖാമുഖം വന്ന മണ്ഡലങ്ങൾ. പൂഞ്ഞാറിൽ ജോർജിനു മുന്നിൽ ഇരുകൂട്ടരും തോറ്റപ്പോൾ കേരളാ കോൺഗ്രസ്–എം ചങ്ങനാശ്ശേരി നിലനിർത്തി. എല്ലാ മണ്ഡലങ്ങളിലും 12,000ൽ അധികം വോട്ടു നേടിയ എൻ.ഡി.എ. കരുത്ത് തെളിയിച്ചു. വൈക്കത്തും കാ



ഞ്ഞിരപ്പള്ളിയിലും അവരുടെ വോട്ട് സമ്പാദ്യം 30,000 കവിഞ്ഞു. ഉമ്മൻ ചാണ്ടി, കെ.എം.മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.സി.ജോർജ്, സുരേഷ് കുറുപ്പ്, മോൻസ് ജോസഫ്, സി.എഫ്.തോമസ്, എൻ.ജയരാജ് എന്നീ സിറ്റിങ് എം.എൽ.എമാർ കോട്ടയത്തിന്റെ മുഖമാണ്. ഇവരിൽ ആരു തോറ്റാലും അതു വാർത്തയാണെന്നു വോട്ടെടുപ്പിനു മുമ്പ് പറഞ്ഞിരുന്നു. ഫലം വന്നപ്പോൾ ആരും തോറ്റില്ല. പക്ഷേ, ജയിച്ച പി.സി.ജോർജ് വലിയ വാർത്താതാരമായി.

ഇടുക്കിയിൽ 2011ന്റെ തനിയാവർത്തനമാണ്. ആകെയുള്ള 5 മണ്ഡലങ്ങളിൽ 3 എണ്ണം എൽ.ഡി.എഫിന്, 2 എണ്ണം യു.ഡി.എഫിന്. മണ്ഡലങ്ങൾ പോലും മാറിയില്ല. നാലിടത്ത് സിറ്റിങ് എം.എൽ.എമാർ തന്നെ വിജയിച്ചു. ദേവികുളത്ത് എസ്.രാജേന്ദ്രൻ, പീരുമേട്ടിൽ ഇ.എസ്.ബിജിമോൾ, ഉടുമ്പൻചോലയിൽ എം.എം.മണി എന്നിവർ എൽ.ഡി.എഫിന്റെയും തൊടുപുഴയിൽ പി.ജെ.ജോസഫ്, ഇടുക്കിയിൽ റോഷി അഗസ്റ്റിൻ എന്നിവർ യു.ഡി.എഫിന്റെയും പ്രതിനിധികളായി. ഇവരിൽ എം.എം.മണിയാണ് പുതിയ എം.എൽ.എ. തൊടുപുഴയിൽ പി.ജെ.ജോസഫിനാണ് സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഭൂരിപക്ഷം –45,597. മറുഭാഗത്ത് ബിജിമോൾ ജയിച്ചത് നേരിയ ഭൂരിപക്ഷത്തിനാണ് –314. ഇടുക്കിയിലാണ് ഏറ്റവും കടുത്ത മത്സരം നടന്നത്. കേരളാ കോൺഗ്രസ്–എമ്മിലെ റോഷി അഗസ്റ്റിനും ആ പാർട്ടി പിളർത്തി ജനാധിപത്യ കേരളാ കോൺഗ്രസ്സുണ്ടാക്കിയ ഫ്രാൻസിസ് ജോർജും മുഖാമുഖം വന്നപ്പോൾ മത്സരം തീപാറി. ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ പിന്തുണയോടെ ജയിച്ചുകയറാമെന്നാണ് ഫ്രാൻസിസ് ജോർജ് കരുതിയതെങ്കിലും നടന്നില്ല. റോഷിയുടെ ഭൂരിപക്ഷം 2011ലെ 15,806ൽ നിന്ന് 9,833 ആയി കുറയ്ക്കാനായത് മിച്ചം. ദേവികുളത്ത് അണ്ണാ ഡി.എം.കെ. സ്ഥാനാർത്ഥി ആർ.എം.ധനലക്ഷ്മി എൻ.ഡി.എയെ മറികടന്ന് മൂന്നാം സ്ഥാനത്തെത്തി. ഇവിടെ മത്സരിച്ച പൊമ്പളൈ ഒരുമൈ സ്ഥാനാർത്ഥി ജെ.രാജേശ്വരിക്ക് ലഭിച്ചത് വെറും 650 വോട്ടുകൾ. ഉടുമ്പൻചോല, തൊടുപുഴ, ഇടുക്കി എന്നീ മണ്ഡലങ്ങളിൽ ബി.ഡി.ജെ.എസ്. കാര്യമായി വോട്ടു പിടിച്ചിട്ടുണ്ട്. ഉടുമ്പൻചോലയിൽ എം.എം.മണിയുടെ ഭൂരിപക്ഷം 1,109 വോട്ടുകളായി കുറഞ്ഞതിന് അതൊരു കാരണമാണ്.

എറണാകുളം നിലനിർത്താനുള്ള യു.ഡി.എഫിന്റെ ശ്രമങ്ങൾ ഒരു പരിധി വരെ വിജയിച്ചു എന്നു പറയാം. 2011ൽ ജില്ലയിലെ 14 സീറ്റുകളിൽ പതിനൊ

## കോഴിക്കോട് 2016




2011






വി.കെ.സി. മമ്മദ് കോയ



സി.കെ. ശശീന്ദ്രൻ

## വയനാട് 2016




2011






എ.പ്രദീപ്കുമാർ



ഒ.ആർ.കേളു

ന്നിലും യു.ഡി.എഫ്. പ്രതിനിധികളായിരുന്നു. ഇത്തവണ അത് 9 ആയി കുറഞ്ഞിട്ടുണ്ട്. സിറ്റിങ് സീറ്റുകളായ മൂവാറ്റുപുഴ, കൊച്ചി, തൃപ്പൂണിത്തുറ, കോതമംഗലം എന്നിവ നഷ്ടപ്പെട്ടുവെങ്കിലും പെരുമ്പാവൂരും അങ്കമാലിയും പിടിച്ചെടുത്ത് യു.ഡി.എഫ്. ആഘാതം കുറച്ചു. എറണാകുളം ജില്ലയിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുക തൃപ്പൂണിത്തുറയിൽ മന്ത്രി കെ.ബാബുവിന്റെ തോൽവി തന്നെ. 4,467 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് ബാബുവിനെ ഡി.വൈ.എഫ്.ഐ.

## കണ്ണൂർ 2016




2011




## കാസർകോട് 2016




2011






ഇ.പി. ജയരാജൻ



കെ.കെ. ശൈലജ



ഇ.ചന്ദ്രശേഖരൻ



എം.രാജഗോപാലൻ

സംസ്ഥാന സെക്രട്ടറി എം.സ്വരാജ് വീഴ്ത്തിയത്. കുന്നത്തുനാട്ടിൽ വി.പി.സജീന്ദ്രൻ, പറവൂരിൽ വി.ഡി.സതീശൻ, കളമശ്ശേരിയിൽ മന്ത്രി വി.കെ.ഇബ്രാഹിംകുഞ്ഞ്, ആലുവയിൽ അൻവർ സാദത്ത്, എറണാകുളത്ത് ഹൈബി ഈഡൻ, പിറവത്ത് മന്ത്രി അനൂപ് ജേക്കബ്ബ് എന്നിവരാണ് യു.ഡി.എഫിൽ തുടർച്ച നേടിയ സിറ്റിങ് എം.എൽ.എമാർ. എൽ.ഡി.എഫിൽ നിന്ന് ഈ ഗണത്തിലുള്ളത് വൈപ്പിനിൽ എസ്.ശർമ്മ മാത്രമാണ്. പറവൂരിൽ സതീശന്റെ വിജയത്തിന് തിളക്കമേറെ. അദ്ദേഹത്തെ പരാജയപ്പെടുത്താൻ എസ്.എൻ.ഡി.പി. യോഗം നടത്തിയ എല്ലാ ശ്രമങ്ങളെയും അതിജീവിച്ചാണ് വീണ്ടും നിയമസഭയിൽ എത്തുന്നത്. തൃപ്പൂണിത്തുറയുടെയത്ര ശ്രദ്ധ നേടിയില്ലെങ്കിലും മൂവാറ്റുപുഴയിലും കോതമംഗലത്തും എൽ.ഡി.എഫിലെ ചെറുപ്പക്കാർ സൃഷ്ടിച്ചത് അട്ടിമറി തന്നെയാണ്. മൂവാറ്റുപുഴയിൽ കോൺഗ്രസ്സിന്റെ മുതിർന്ന നേതാവ് ജോസഫ് വാഴയ്ക്കനെ 9,375 വോട്ടിനാണ് എൽദോ എബ്രഹാം തോൽപ്പിച്ചത്. ഏതു മുന്നണിയിൽ നിന്നാലും കേരളാ കോൺഗ്രസ്-എമ്മിലെ ടി.യു.കുരുവിള ജയിക്കുന്ന കോതമംഗലത്ത് 19,282 വോട്ടിന്റെ തകർപ്പൻ ഭൂരിപക്ഷം ആന്റണി ജോൺ നേടി. ഈ രണ്ടു മണ്ഡലങ്ങളിലെയും ഫലത്തെ ജനാധിപത്യ കേരളാ കോൺഗ്രസ്സിന്റെ ഇടതുപക്ഷത്തേക്കുള്ള വരവ് സ്വാധീനിച്ചിട്ടുണ്ട്. പെരുമ്പാവൂരിൽ ജിഷ സംഭവം ഒരു പരിധി വരെ സാജു പോളിന്റെ തോൽവിക്കു കാരണമായി. എൽദോസ് കുന്നപ്പള്ളിയാണ് അവിടെ നിന്നുള്ള പുതിയ എം.എൽ.എ. കോൺഗ്രസ്സിന്റെ വിദ്യാർത്ഥി വിഭാഗം ദേശീയ പ്രസിഡന്റ് റോജി എം.ജോണാണ് അങ്കമാലിയിൽ നിന്നുള്ള പുതുമുഖം. റിബൽ നിമിത്തം യു.ഡി.എഫിന് സംസ്ഥാനത്ത് നഷ്ടമായ ഏക മണ്ഡലമാണ് കൊച്ചി. സി.പി.എമ്മിലെ കെ.ജെ.മാക്സിയോട് കോൺഗ്രസ്സിലെ ഡൊമിനിക് പ്രസന്റേഷൻ തോറ്റത് 1,086 വോട്ടുകൾക്ക്. ലത്തീൻ കത്തോലിക്ക സഭയുടെ പിന്തുണയോടെ മത്സരിച്ച കോൺഗ്രസ് വിമതൻ കെ.ജെ.ലീനസ് പിടിച്ചത്



**തൃശ്ശൂരിൽ എൽ.ഡി.എഫിൽ നിന്നു ജയിച്ചവരെക്കാൾ ശ്രദ്ധേയർ യു.ഡി.എഫിൽ നിന്നു തോറ്റ പ്രമുഖർ തന്നെ. തൃശ്ശൂരിൽ പരാജയപ്പെട്ട പദ്മജ തന്നെയാണ് ഒന്നാമത്. കയ്പമംഗലത്തെ സിറ്റിങ് എം.എൽ.എയായ വി.എസ്.സുനിൽകുമർ 6,987 വോട്ടിന് ജയിച്ചുകയറി. അടിയൊഴുക്കുകൾക്കൊപ്പം ബി.ജെ.പിയുടെ ബി.ഗോപാലകൃഷ്ണൻ പിടിച്ച 24,748 വോട്ടുകളിൽ ഭൂരിഭാഗവും യു.ഡി.എഫിന്റേതാണെന്നതും പദ്മജയ്ക്കു വിനയായി. ഇരിങ്ങാലക്കുടയിൽ മത്സരിച്ച ചീഫ് വിപ്പ് തോമസ് ഉണ്ണിയാടനാണ് യു.ഡി.എഫിൽ തോറ്റ മറ്റൊരു പ്രമുഖൻ**

7,588 വോട്ടുകൾ. 25,000ലേറെ വോട്ടു നേടിയ പറവൂർ, തൃപ്പൂണിത്തുറ മണ്ഡലങ്ങളിൽ മാത്രമാണ് എൻ.ഡി.എയ്ക്ക് കാര്യമായ ചലനമുണ്ടാക്കാനായത്. എറണാകുളത്ത് വലിയ പരിക്കില്ലാതെ യു.ഡി.എഫിന് പിടിച്ചുനിൽക്കാനായതിന്റെ കാരണവും മറ്റൊന്നല്ല.

തൃശ്ശൂരിൽ ഇടതിന് നല്ല ആത്മവിശ്വാസമുണ്ടായിരുന്നു. പക്ഷേ, ഇത്രയും മികച്ച വിജയം എൽ.ഡി.എഫ്. പോലും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. 2001ൽ സംസ്ഥാനത്ത് 100 സീറ്റുകൾ നേടി യു.ഡി.എഫ്. അധികാരത്തിലേറിയപ്പോൾ തൃശ്ശൂരും സമാനസ്വഭാവം പ്രകടിപ്പിച്ച് ഒപ്പം നിന്നിരുന്നു. 2006ൽ 99 സീറ്റുകളുമായി കേരളം എൽ.ഡി.എഫിനെ അനുഗ്രഹിച്ചപ്പോഴും അങ്ങനെ തന്നെ. 2011ൽ ഇഞ്ചോടിഞ്ച് പോരാട്ടത്തിനൊടുവിലാണ് യു.ഡി.എഫ്. അധികാരത്തിലേറിയത്. തൃശ്ശൂരിലെ ഫലവും അതു തന്നെയായിരുന്നു –എൽ.ഡി.എഫ്. ഏഴിടത്ത് ജയിച്ചപ്പോൾ യു.ഡി.എഫിനൊപ്പം നിന്നത് 6 മണ്ഡലങ്ങൾ. ഇത്തവണയും അങ്ങനെ തന്നെ. ജില്ലയിലെ 13 സീറ്റുകളിൽ 12 എണ്ണവും എൽ.ഡി.എഫിനൊപ്പം നിലയുറപ്പിച്ചു. വടക്കാഞ്ചേരിയിൽ യു.ഡി.എഫ്. ജയിച്ചുവെങ്കിലും അത് ഇത്തവണ സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിനായിരുന്നു –43 വോട്ട്. എൽ.ഡി.എഫിൽ നിന്നു ജയിച്ചവരെക്കാൾ ശ്രദ്ധേയർ യു.ഡി.എഫിൽ നിന്നു തോറ്റ പ്രമുഖർ തന്നെ. തൃശ്ശൂരിൽ പരാജയപ്പെട്ട കെ.പി.സി.സി. ജനറൽ സെക്രട്ടറി പദ്മജാ വേണുഗോപാൽ തന്നെയാണ് ഒന്നാമത്. കയ്പമംഗലത്തെ സിറ്റിങ് എം.എൽ.എയായ വി.എസ്.സുനിൽകുമാറിനെ അവിടെ നിന്നു മാറ്റി തൃശ്ശൂർ പിടിക്കാനയച്ച സി.പി.ഐയുടെ തീരുമാനം പാളിയില്ല. 6,987 വോട്ടുകളുടെ ഭൂരിപക്ഷത്തിന് സുനിൽ ജയിച്ചുകയറി. അടിയൊഴുക്കുകൾക്കൊപ്പം ബി.ജെ.പിയുടെ ബി.ഗോപാലകൃഷ്ണൻ പിടിച്ച 24,748 വോട്ടുകളിൽ ഭൂരിഭാഗവും യു.ഡി.എഫിന്റേതാണെന്നതും പദ്മജയ്ക്കു വിനയായി. ഇരിങ്ങാലക്കുടയിൽ മത്സരിച്ച ചീഫ് വിപ്പ് തോമസ് ഉണ്ണിയാടനാണ് യു.ഡി.എഫിൽ തോറ്റ മറ്റൊരു പ്രമുഖൻ. പ്രൊഫ.കെ.യു.അരുണൻ 2,711 വോട്ടുകൾക്ക് ഉണ്ണിയാടനെ അട്ടിമറിച്ചു. ഈ മണ്ഡലത്തിലും ബി.ജെ.പി. 30,420 വോട്ടുകൾ നേടി. കഴിഞ്ഞ തവണ വി.എസ്.സുനിൽകുമാർ 13,570 വോട്ടുകൾക്ക് ജയിച്ച കയ്പമംഗലത്ത് പുതുമുഖമായ ഇ.ടി.ടൈസൺ ഭൂരിപക്ഷം 33,440 ആക്കി ഉയർത്തി. ചേലക്കരയിൽ യു.ആർ.പ്രദീപ്, ഒല്ലൂരിൽ കെ.രാജൻ, കൊടുങ്ങല്ലൂരിൽ വി.ആർ.സുനിൽകുമാർ എന്നിവരാണ് എൽ.ഡി.എഫിലെ മറ്റു പുതുമുഖങ്ങൾ. ചാലക്കുടിയിൽ ബി.ഡി.ദേവസ്സി, നാട്ടികയിൽ ഗീത ഗോപി, പുതുക്കാട് പ്രൊഫ. സി.രവീന്ദ്രനാഥ്, ഗുരുവായൂരിൽ കെ.വി.അബ്ദുൾ ഖാദർ എന്നീ സിറ്റിങ് എം.എൽ.എമാർ കഴിഞ്ഞ തവണത്തെക്കാൾ ഉയർന്ന ഭൂരിപക്ഷത്തിൽ എൽ.ഡി.എഫിനു വേണ്ടി മണ്ഡലം നിലനിർത്തി. കുന്നംകുളത്ത് എ.സി.മൊയ്തീൻ, മണലൂരിൽ മുരളി പെരുനെല്ലി എന്നീ മുൻ എം.എൽ.എമാർ തിരിച്ചെത്തി. സ്ഥാനാർത്ഥി നിർണ്ണയം ഇരുമുന്നണികൾക്കും തലവേദനയായ വടക്കാഞ്ചേരിയിൽ

Always with quality books

GREEN BOOKS



**ചരിത്രം നഷ്ടപ്പെട്ടവർ**
ബി.ആർ.പി. ഭാസ്കർ
**ലേഖനം, വില:100.00**

അധികാരത്തിന്റെ ജാതിയും വർണ്ണവും ലിംഗവും എന്താണ്? ഒരു വിഭാഗം മറ്റുള്ളവർക്കുമേൽ സാമൂഹികാധിപത്യം സ്ഥാപിക്കുന്നതിന്റെ അർത്ഥവും യുക്തിയും എങ്ങനെ സ്വാംശീകരിക്കാം? വർഗ്ഗചരിത്രം എന്നത് ഒരു വിഭാഗത്തിനുമാത്രം ഉള്ളതാണോ? ദലിതർക്കും ചരിത്രമില്ലേ?



**പനിക്കോൽ**
ബോബൻ കൊള്ളന്നൂർ
അനുഭവം, **വില:135.00**

"നോക്കൂ, തോമസ് ആന്റണിയുടെ ഒരു കണ്ണെപ്പോഴും തുറന്നിരിക്കുന്നത് മരണത്തിനു മേലെയാണ്. മറുകണ്ണെപ്പോഴും ജീവിതത്തിലേക്കും" എന്ന കൊച്ചുബാവയുടെ സുപ്രസിദ്ധമായ വരികളെ ഓർമ്മിപ്പിച്ചുകൊണ്ട് ഒരു ആശുപത്രി അനുഭവത്തിലൂടെ.

info@greenbooksindia.com
തൃശൂർ ● പാലക്കാട് ● കണ്ണൂർ
തിരുവനന്തപുരം
Phone: 0487 - 2422515, 0487-2361038
0487-2364439
0491 - 2546162, 0497-2763038

Online Bookstore
www.greenbooksindia.com
GB/14117

യു.ഡി.എഫിലെ അനിൽ അക്കര നാടകീയമായി ജയിച്ചുകയറി. 158 ബൂത്തുകളുള്ളതിൽ 157 ബൂത്തുകൾ എണ്ണിക്കഴിഞ്ഞപ്പോൾ അനിൽ അക്കരയ്ക്ക് 3 വോട്ടിന്റെ ഭൂരിപക്ഷം. അവസാന ബൂത്തിലെ വോട്ടിങ് യന്ത്രം തകരാറിൽ. ഒടുവിൽ മണിക്കൂറുകൾക്കു ശേഷം തകരാർ പരിഹരിച്ച് വോട്ടെണ്ണൽ പൂർത്തിയാക്കിയപ്പോൾ മേരി തോമസിനെക്കാൾ 43 വോട്ടുകൾ അനിലിന് കൂടുതൽ. സംസ്ഥാനത്തെ ഏറ്റവും ചെറിയ ഭൂരിപക്ഷം. തൃശ്ശൂരിൽ യു.ഡി.എഫിന്റെ മാനം കാത്തത് ആ 43 വോട്ടുകളാണെന്ന് നിസ്സംശയം പറയാം. മണലൂരിലെ എ.എൻ.രാധാകൃഷ്ണനാണ് ജില്ലയിൽ ഏറ്റവുമധികം വോട്ടു നേടിയ എൻ.ഡി.എ. സ്ഥാനാർത്ഥി –37,680. ഇരിങ്ങാലക്കുട, പുതുക്കാട്, കയ്പമംഗലം, നാട്ടിക, കൊടുങ്ങല്ലൂർ മണ്ഡലങ്ങളിൽ എൻ.ഡി.എയുടെ വോട്ട് സമ്പാദ്യം 30,000 കവിഞ്ഞു.

എൽ.ഡി.എഫ്. അധികാരത്തിലേറണമെങ്കിൽ പാലക്കാട്ടു നിന്ന് അതിലേക്ക് കാര്യമായ സംഭാവന ത്തിയപ്പോൾ ജോയി 35,333 വോട്ടുകളുമായി ഏറെ പിന്നിൽപ്പോയി. അണ്ണാ ഡി.എം.കെ. സ്ഥാനാർത്ഥി ശ്രീധരൻ പിടിച്ചത് 3,154 വോട്ടുകൾ മാത്രം. താമര വിരിയിക്കും എന്ന പ്രഖ്യാപനവുമായി ശോഭാ സുരേന്ദ്രൻ മത്സരിക്കാനിറങ്ങിയ പാലക്കാട്ടും ബി.ജെ.പി. രണ്ടാമതെത്തി. കോൺഗ്രസ്സിലെ ഷാഫി പറമ്പിൽ 17,483 വോട്ടുകൾക്ക് മണ്ഡലം നിലനിർത്തിയപ്പോൾ സി.പി.എമ്മിന്റെ മുതിർന്ന നേതാവ് എൻ.എൻ.കൃഷ്ണദാസ് മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. കൃഷ്ണദാസിനെതിരെ ചില അടിയൊഴുക്കുകൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ടെങ്കിലും അത്തരത്തിലുള്ള പരാതികളൊന്നും ഉന്നയിക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. പട്ടാമ്പി, ചിറ്റൂർ എന്നീ മണ്ഡലങ്ങളാണ് എൽ.ഡി.എഫ്. ഇത്തവണ യു.ഡി.എഫിൽ നിന്നു പിടിച്ചെടുത്തത്. ഇതിൽ പട്ടാമ്പിയിലെ മത്സരം ദേശീയശ്രദ്ധ ആകർഷിച്ചിരുന്നു. മണ്ഡലം പിടിക്കുക എന്ന ഉദ്ദേശ്യത്തോടെ തന്നെയാണ് ജെ.എൻ.യുവിലെ വിദ്യാർത്ഥി യൂണിയൻ നേതാവായ മുഹമ്മദ്



വേണമായിരുന്നു. അതു സംഭവിച്ചു. ജില്ലയിലെ 12 മണ്ഡലങ്ങളിൽ 9 എണ്ണം എൽ.ഡി.എഫ്. പിടിച്ചു. യു.ഡി.എഫിന് 3 എണ്ണം മാത്രം. കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് യു.ഡി.എഫിന് 2 മണ്ഡലം കുറവ്. പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ മത്സരിച്ച മലമ്പുഴ തന്നെയാണ് ഏറ്റവും ശ്രദ്ധേയമായ മണ്ഡലം. എന്നാൽ ഒടുവിൽ എല്ലാവരെയും, വിശേഷിച്ചും യു.ഡി.എഫുകാരെ അമ്പരപ്പിച്ച ഫലമാണ് അവിടെ വന്നതും. മാരാരിക്കുളം ആവർത്തിക്കുമെന്ന പ്രഖ്യാപനവുമായി എത്തിയ കെ.എസ്.യു. പ്രസിഡന്റ് വി.എസ്.ജോയി മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ സർവ്വതന്ത്രങ്ങളും വി.എസ്സിനെ തോൽപ്പിക്കാൻ പ്രയോഗിച്ചുവെങ്കിലും 2011ൽ അദ്ദേഹത്തിനു ലഭിച്ച 23,440 വോട്ടുകളുടെ ഭൂരിപക്ഷം 27,142 ആയി വർദ്ധിക്കുന്നതാണ് കണ്ടത്. ബി.ജെ.പി. സംസ്ഥാന സെക്രട്ടറി സി.കൃഷ്ണകുമാർ 46,157 വോട്ടുകളുമായി രണ്ടാം സ്ഥാനത്തെ

മുഹസിനെ സി.പി.ഐ. സ്ഥാനാർത്ഥിയാക്കിയത്. ജെ.എൻ.യു. വിദ്യാർത്ഥി യൂണിയൻ പ്രസിഡന്റ് കനയ്യ കുമാർ പട്ടാമ്പിയിൽ പ്രചാരണത്തിനെത്തുകയും ചെയ്തു. മുഹസിൻ മുന്നേറുന്നതിനിടെ ഒരു വോട്ടർക്ക് കോൺഗ്രസ് സ്ഥാനാർത്ഥി സി.പി.മുഹമ്മദ് പണം നൽകുന്ന വീഡിയോ പുറത്തുവന്നു. ജോസ് തെറ്റയിലിനെ കുടുക്കാൻ സി.പി.മുഹമ്മദ് തന്നെ ഉപയോഗിച്ചുവെന്ന ആരോപണവുമായി പീഡനക്കേസിലെ ഇര നോബി അഗസ്റ്റിൻ സ്ഥാനാർത്ഥിയായി എത്തുക കൂടി ചെയ്തതോടെ യു.ഡി.എഫിന് കാലിടറി. 7,404 വോട്ടുകളുടെ ഭൂരിപക്ഷത്തിന് മുഹസിൻ ജയിച്ചുകയറി. 62 വോട്ടുകൾ മാത്രമാണ് നോബി പിടിച്ചതെങ്കിലും പ്രചാരണത്തിലൂടെ സി.പി.മുഹമ്മദിന്റെ തോൽവിയിൽ അവർ വഹിച്ച പങ്ക് ചെറുതല്ല. ചിറ്റൂരിൽ ചിരവൈരികളുടെ പോരിൽ ഇക്കുറി വിജയം എൽ.ഡി.എഫ്. മുൻ എം.എൽ.എ. കെ.കൃഷ്ണൻകുട്ടിയോടൊപ്പം നിന്നപ്പോൾ പരാജിതനായത് സിറ്റിങ് എം.എൽ.എ.



**ലീഗിന്റെ പച്ചക്കോട്ടയിൽ ഇടത് സ്വതന്ത്രർ വിള്ളൽ വീഴ്ത്തി. 2011ൽ ജില്ലയിൽ ആകെയുള്ള 16 മണ്ഡലങ്ങളിൽ രണ്ടിടത്ത് മാത്രമാണ് എൽ.ഡി.എഫ്. ഉണ്ടായിരുന്നതെങ്കിൽ ഇത്തവണ ഇരട്ടിയായി. താനൂരും നിലമ്പൂരും സി.പി.എം. അവതരിപ്പിച്ച സ്വതന്ത്രന്മാർ പുതിയതായി പിടിച്ചെടുത്തു. ജില്ലയിലാകെ 5 സ്വതന്ത്രച്ചാരെ ഇറക്കിയുള്ള പരീക്ഷണം രണ്ടിടത്ത് വിജയം കണ്ടു എന്നത് ചെറിയ കാര്യമല്ല. താനൂരിൽ പഴയ കോൺഗ്രസ് നേതാവ് വി.അബ്ദുറഹിമാൻ 4,918 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ലീഗിന്റെ തീപ്പൊരി അബ്ദുറഹ്മാൻ രണ്ടത്താണിയെ വീഴ്ത്തി**

കെ.അച്യുതൻ. തരൂരിൽ എ.കെ.ബാലൻ, കോങ്ങാട് കെ.വി.വിജയദാസ് എന്നിവർ എൽ.ഡി.എഫിൽ നിന്നും തൃത്താലയിൽ വി.ടി.ബൽറാം, മണ്ണാർക്കാട് എൻ.ഷംസുദ്ദീൻ യു.ഡി.എഫിൽ നിന്നും ജയിച്ച സിറ്റിങ് എം.എൽ.എമാർ. ഇതിൽ ഷംസുദ്ദീന്റെ ജയം എടുത്തുപറയണം. അദ്ദേഹത്തെ തോൽപ്പിക്കണമെന്ന് കാന്തപുരം എ.പി.അബൂബക്കർ മുസലിയാർ പരസ്യമായി ആഹ്വാനം ചെയ്തിരുന്നു. ഷംസുദ്ദീന്റെ ഭൂരിപക്ഷം കൂടി എന്നത് ഫലം. ഷൊർണൂരിൽ പി.കെ.ശശി, ഒറ്റപ്പാലത്ത് പി.ഉണ്ണി, ആലത്തൂരിൽ കെ.ഡി.പ്രസേനൻ, നെന്മാറയിൽ കെ.ബാബു എന്നിവർ എൽ.ഡി.എഫിലെ പുതിയ എം.എൽ.എമാർ. ഷൊർണൂർ, ഒറ്റപ്പാലം എന്നീ മണ്ഡലങ്ങളിൽ 25,000 വോട്ടിലേറെ നേടി എൻ.ഡി.എ. സാന്നിദ്ധ്യമറിയിച്ചു.

മുസ്ലിം ലീഗിന്റെ പച്ചക്കോട്ടയിൽ ഇടതിന്റെ സ്വതന്ത്രർ വിള്ളൽ വീഴ്ത്തി. 2011ൽ ജില്ലയിൽ ആകെയുള്ള 16 മണ്ഡലങ്ങളിൽ രണ്ടിടത്ത് മാത്രമാണ് എൽ.ഡി.എഫ്. ഉണ്ടായിരുന്നതെങ്കിൽ ഇത്തവണ ഇരട്ടിയായി. താനൂരും നിലമ്പൂരും സി.പി.എം. അവതരിപ്പിച്ച സ്വതന്ത്രന്മാർ പുതിയതായി പിടിച്ചെടുത്തു. ജില്ലയിലാകെ 5 സ്വതന്ത്രരെ ഇറക്കിയുള്ള പരീക്ഷണം രണ്ടിടത്ത് വിജയം കണ്ടു എന്നത് ചെറിയ കാര്യമല്ല. താനൂരിൽ പഴയ കോൺഗ്രസ് നേതാവ് വി.അബ്ദുറഹിമാൻ 4,918 വോട്ടുകളുടെ ഭൂരിപക്ഷത്തിന് മുസ്ലിം ലീഗിന്റെ തീപ്പൊരി അബ്ദുറഹ്മാൻ രണ്ടത്താണിയെ വീഴ്ത്തി. 2014ൽ പൊന്നാനി ലോക്സഭാ മണ്ഡലത്തിൽ നല്ല മത്സരം കാഴ്ചവെച്ച ചരിത്രമുള്ള അബ്ദുറഹിമാനെ പരിചയപ്പെടുത്താൻ എൽ.ഡി.എഫിന് കഷ്ടപ്പെടേണ്ടി വന്നില്ല. പുതിയ നിയമസഭയിലെ പ്രതിപക്ഷ നിരയിൽ രണ്ടത്താണി ഇല്ലെന്നത് യു.ഡി.എഫിനെ സംബന്ധിച്ചിടത്തോളം വലിയ നഷ്ടം തന്നെയാണ്. നിലമ്പൂരിൽ മന്ത്രി ആര്യാടൻ മുഹമ്മദിന്റെ പാരമ്പര്യത്തണലിൽ മത്സരിക്കാനിറങ്ങിയ ആര്യാടൻ ഷൗക്കത്തിന് അടിതെറ്റി. അവിടെയും സി.പി.എം. പടയ്ക്കിറക്കിയത് മുൻ കോൺഗ്രസ് നേതാവിനെ –പി.വി.അൻവർ. 11,504 വോട്ടുകൾ എന്ന ചെറുതല്ലാത്ത ഭൂരിപക്ഷത്തിൽ തന്നെയാണ് അൻവർ നിലമ്പൂർ കീഴടക്കിയത്. തവനൂരിലെ സ്ഥിരം എൽ.ഡി.എഫ്. സ്വതന്ത്രനും സിറ്റിങ് എം.എൽ.എയുമായ ഡോ.കെ.ടി.ജലീൽ കഴിഞ്ഞ തവണത്തെ ഭൂരിപക്ഷം മൂന്നിരട്ടിയോളം വർദ്ധിപ്പിച്ചാണ് ജയിച്ചത്. പൊന്നാനിയിലെ സി.പി.എം. സിറ്റിങ് എം.എൽ.എ. പി.ശ്രീരാമകൃഷ്ണൻ ഭൂരിപക്ഷം മൂന്നിരട്ടിയിലേറെ വർദ്ധിപ്പിച്ചു. ജില്ലിയിൽ ഏറ്റവും കടുത്ത പോരാട്ടം നടന്നത് പെരിന്തൽമണ്ണയിലാണ്. മന്ത്രി മഞ്ഞളാംകുഴി അലി ഇവിടെ നിന്നു ജയിച്ചുകയറിയത് വെറും 579 വോട്ടുകൾക്ക്. എതിരാളി സി.പി.എമ്മിന്റെ മുൻ എം.എൽ.എ. വി.ശശികുമാർ. വേങ്ങരയിൽ മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി, തിരൂരിൽ സി.മ


സ്ഥാപിതം: 2003

അസെൻഡ് പബ്ലിക്കേഷൻസ്
കോട്ടയം

പ്രസിദ്ധീകരിച്ച ലേഖനങ്ങൾ

ഇവർ ലോകത്തെ സ്നേഹിച്ചവർ

പ്രൊഫ. എം കെ. സാനു



വില : 200 രൂപ

പുസ്തകം ഇപ്പോൾ പ്രധാന ബുക്സ്റ്റാളുകളിലെല്ലാം ലഭ്യമാണ്

കേസരി എ. ബാലകൃഷ്ണപിള്ള, എം. പി. പോൾ, ലളിതാംബിക അന്തർജനം, വൈക്കം മുഹമ്മദ് ബഷീർ, കെ. സരസ്വതിയമ്മ, എസ്. കെ. പൊറ്റെക്കാട്ട്, കരിമ്പുഴ രാമകൃഷ്ണൻ, എ. ഡി. ഹരിശർമ്മ, കെ. ബാലകൃഷ്ണൻ, വയലാർ രാമവർമ്മ, തോപ്പിൽ ഭാസി, പട്ടത്തുവിള കരുണാകരൻ എന്നിവരുടെ സർഗ്ഗാത്മക രചനകളെ പഠനവിധേയമാക്കുന്നു.

പുസ്തകം ആവശ്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക: 8281421593, 9495445983, 0481 2300646, 2300206

*വി.പി.പി ചാർജ്ജുകളോ പാഴ്സൽ ചിലവുകളോ ഇല്ലാതെ പുസ്തകം നിങ്ങളുടെ കൈകളിലെത്തുന്നു*

ASCEND PUBLICATIONS
Kattuveettil Bldgs
(Opp. Passport Seva Kendra)
Nagampadam, Kottayam - 686 006,
Phone: 0481- 2300206, 2300646
Branch: Pala (Near St.Thomas college)
Website: www.ascendpublications.com
E-mail: ascendpublication14@gmail.com



**ഭരണം പിടിക്കണമെന്ന ഇടതുപക്ഷത്തിന്റെ മോഹം യാഥാർത്ഥ്യമാവണമെങ്കിൽ കോഴിക്കോട്ടുകാർ കനിയണമായിരുന്നു. അവർ കനിഞ്ഞു. ജില്ലയിലെ 13 നിയമസഭാ മണ്ഡലങ്ങളിൽ 2011ൽ ഇടതുപക്ഷത്തുണ്ടായിരുന്നത് 10 ആണെങ്കിൽ ഇക്കുറി ഒന്നു കൂടി. കൊടുവള്ളി, തിരുവമ്പാടി മണ്ഡലങ്ങൾ എൽ.ഡി.എഫ്. പിടിച്ചെടുത്തു. മറുഭാഗത്ത് കുറ്റ്യാടി യു.ഡി.എഫും പിടിച്ചു. മലപ്പുറത്തെ സ്വതന്ത്ര തന്ത്രം കൊടുവള്ളിയിലേക്കും സി.പി.എം. കടത്തി പരീക്ഷിച്ചിരുന്നു**

മ്മൂട്ടി, തിരൂരങ്ങാടിയിൽ മന്ത്രി പി.കെ.അബ്ദുറബ്ബ്, ഏറനാട് പി.കെ.ബഷീർ, മങ്കടയിൽ ടി.എ.അഹമ്മദ് കബീർ, മലപ്പുറത്ത് പി.ഉബൈദുള്ള, മഞ്ചേരിയിൽ എം.ഉമ്മർ, വണ്ടൂരിൽ മന്ത്രി എ.പി.അനിൽകുമാർ എന്നിവർ യു.ഡി.എഫിന്റെ ബാനറിൽ വീണ്ടും നിയമസഭയിലെത്താൻ യോഗ്യത നേടി. കുഞ്ഞാലിക്കുട്ടിക്കാണ് ജില്ലയിലെ ഏറ്റവുമുയർന്ന ഭൂരിപക്ഷം –38,057. കോട്ടയ്ക്കലിൽ ആബിദ് ഹുസൈൻ തങ്ങൾ, കൊണ്ടോട്ടിയിൽ ടി.വി.ഇബ്രാഹിം, വള്ളിക്കുന്നിൽ അബ്ദുൾ ഹമീദ് എന്നിവർ യു.ഡി.എഫിലെ പുതുമുഖ എം.എൽ.എമാരാണ്. 20,000ൽ അധികം വോട്ടു നേടിയ വള്ളിക്കുന്നിൽ മാത്രമാണ് എൻ.ഡി.എ. ചിത്രത്തിലുണ്ടായിരുന്നത്.

ഭരണം പിടിക്കണമെന്ന ഇടതുപക്ഷത്തിന്റെ മോഹം യാഥാർത്ഥ്യമാവണമെങ്കിൽ കോഴിക്കോട്ടുകാർ കനിയണമായിരുന്നു. അവർ കനിഞ്ഞു. ജില്ലയിലെ 13 നിയമസഭാ മണ്ഡലങ്ങളിൽ 2011ൽ ഇടതുപക്ഷത്തുണ്ടായിരുന്നത് 10 ആണെങ്കിൽ ഇക്കുറി ഒന്നു കൂടി. കൊടുവള്ളി, തിരുവമ്പാടി മണ്ഡലങ്ങൾ എൽ.ഡി.എഫ്. പിടിച്ചെടുത്തു. മറുഭാഗത്ത് കുറ്റ്യാടി യു.ഡി.എഫും പിടിച്ചു. മലപ്പുറത്തെ സ്വതന്ത്ര തന്ത്രം കൊടുവള്ളിയിലേക്കും സി.പി.എം. കടത്തി പരീക്ഷിച്ചിരുന്നു. മുസ്ലിം ലീഗിൽ നിന്ന് പിണങ്ങിയിറങ്ങിയ കാരാട്ട് റസാഖിനെ അവിടെ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയാക്കി. പരീക്ഷണം പിഴച്ചില്ല. 573 വോട്ടുകളുടെ ഭൂരിപക്ഷമേയുള്ളൂ എങ്കിലും മുസ്ലിം ലീഗിന്റെ എം.എ.റസാഖിനെ തോല്പിച്ച് കാരാട്ട് റസാഖ് മണ്ഡലം പിടിച്ചു. താമരശ്ശേരി രൂപത യു.ഡി.എഫിനോടു പിണങ്ങിയതിന്റെ പേരിൽ ശ്രദ്ധേയമായ മണ്ഡലമാണ് തിരുവമ്പാടി. അവിടെ സഭയുടെ എതിർപ്പിനെ അവഗണിച്ച് മുസ്ലിം ലീഗ് വി.എം.ഉമ്മറിനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു. ഫലം വന്നപ്പോൾ സി.പി.എമ്മിന്റെ മുൻ എം.എൽ.എ. ജോർജ്ജ് എം.തോമസ് 3,008 വോട്ടുകൾക്ക് അവിടെ നിന്ന് ജയിച്ചു കയറി. രണ്ടു മണ്ഡലങ്ങൾ പോയപ്പോൾ കുറ്റ്യാടി പിടിച്ചെടുക്കാനായി എന്നതിൽ ലീഗിന് ആശ്വസിക്കാം. പാറക്കൽ അബ്ദുള്ള 1,157 വോട്ടുകൾക്കാണ് സി.പി.എമ്മിന്റെ കെ.കെ.ലതികയെ തോല്പിച്ചത്. തുടർച്ചയായ മൂന്നാം ജയം തേടിയിറങ്ങിയ ലതികയ്ക്ക് അടിപതറിയത് സി.പി.എം. കേന്ദ്രങ്ങളെ ഞെട്ടിച്ചിട്ടുണ്ട്. ടി.പി.ചന്ദ്രശേഖരൻ വധക്കേസിൽ പ്രതിയായിരുന്ന ഇപ്പോഴത്തെ സി.പി.എം. കോഴിക്കോട് ജില്ലാ സെക്രട്ടറി പി.മോഹനന്റെ ഭാര്യയാണ് ലതിക. മോഹനനോടുള്ള വിദ്വേഷം ലതികയ്ക്കെതിരെ വോട്ടായി മാറിയെന്ന് വിലയിരുത്തപ്പെടുന്നുണ്ട്. ആർ.എം.പിക്ക് അത്യാവശ്യം സ്വാധീനമുള്ള മണ്ഡലത്തിൽ അവർ വോട്ട് കൂട്ടത്തോടെ പാറക്കൽ അബ്ദുളയ്ക്ക് മറിച്ചുവെന്നും പറയുന്നു. ടി.പി.ചന്ദ്രശേഖരന്റെ വിധവ കെ.കെ.രമ ആർ.എം.പി. സ്ഥാനാർത്ഥിയായി വടകരയിൽ മത്സരിച്ചെങ്കിലും മൂന്നാമതെത്താനേ കഴിഞ്ഞുള്ളൂ. എൽ.ഡി.എഫ്. സിറ്റിങ് എം.എൽ.എ. സി.കെ.നാണു 9,511 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ അവിടെ ജയിച്ചുകയറി. കഴിഞ്ഞ തവണ നാണുവിന്റെ ഭൂരിപക്ഷം വെറും 847 വോട്ടുകളായിരുന്നു. വടകരയിൽ എൻ.ഡി.എ. നാലാം സ്ഥാനത്തായി. സിറ്റിങ് എം.എൽ.എമാർ നാദാപുരത്ത് ഇ.കെ.വിജയൻ, കൊയിലാണ്ടിയിൽ കെ.ദാസൻ, കുന്ദമംഗലത്ത് പി.ടി.എ.റഹിം, ബാലുശ്ശേരിയിൽ പുരുഷൻ കടലുണ്ടി, എലത്തൂരിൽ എ.കെ.ശശീന്ദ്രൻ, കോഴിക്കോട് നോർത്തിൽ എ.പ്രദീപ്കുമാർ എന്നിവർ എൽ.ഡി.എഫിനു വേണ്ടിയും കോഴിക്കോട് സൗത്തിൽ മന്ത്രി ഡോ.എം.കെ.മുനീർ യു.ഡി.എഫിനു വേണ്ടിയും വീണ്ടും വെന്നിക്കൊടി പാറിച്ചു. മുൻ എം.എൽ.എമാരായ ടി.പി.രാമകൃഷ്ണൻ പേരാമ്പ്രയിലും വി.കെ.സി.മമ്മദ് കോയ ബേപ്പൂരിലും എൽ.ഡി.എഫിന്റെ പ്രതിനിധികളായി. മമ്മദ് കോയ എം.എൽ.എ. ആയതോടെ കോഴിക്കോട് കോർപ്പറേഷന് പുതിയ മേയറെ തേടേണ്ട സ്ഥിതിയാണ്. കുന്ദമംഗലം, കോഴിക്കോട് നോർത്ത്, എലത്തൂർ, ബേപ്പൂർ മണ്ഡലങ്ങളിൽ എൻ.ഡി.എ. 25,000ൽ അധികം വോട്ടുകൾ നേടി. കുന്ദമംഗലത്ത് സി.കെ.പദ്മനാഭൻ, കോഴിക്കോട് നോർത്തിൽ കെ.പി.ശ്രീശൻ എന്നീ തലമുതിർന്ന നേതാക്കൾ മത്സരിക്കാനിറങ്ങിയതിന്റെ നേട്ടം ബി.ജെ.പിക്കു ലഭിച്ചു.

വയനാട്ടിലെ വലതുകോട്ട പൊളിഞ്ഞു. 2011ൽ ജില്ലയിലെ 3 മണ്ഡലങ്ങളും യു.ഡി.എഫിനൊപ്പമായിരുന്നുവെങ്കിൽ ഇക്കുറി അവർക്ക് ഒന്നു മാത്രം. അഴിമതി ആരോപണം കേൾപ്പിക്കാത്ത മന്ത്രി എന്ന് പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ തന്നെ സർട്ടിഫിക്കറ്റ് നൽകിയെങ്കിലും പി.കെ.ജയലക്ഷ്മി മാനന്തവാടിയിൽ തോറ്റു. സി.പി.എമ്മിന്റെ ഒ.ആർ.കേളു 1,307 വോട്ടുകൾക്കാണ് ജയലക്ഷ്മിയെ വീഴ്ത്തിയത്. മന്ത്രിയുടെ തോൽവിയെക്കാൾ യു.ഡി.എഫിനെ ഞെട്ടിച്ചത് കല്പറ്റയിൽ സിറ്റിങ് എം.എൽ.എ. എം.വി.ശ്രേയാംസ്കുമാറിന്റെ പരാജയമാണ്. സി.പി.എം. ജില്ലാ സെക്രട്ടറി സി.കെ.ശശീന്ദ്രന്റെ സ്ഥാനാർത്ഥിത്വം ഏവരും ഉറ്റുനോക്കുന്ന മണ്ഡലമാക്കി കല്പറ്റയെ മാറ്റിയിരുന്നു. സമൂഹമാധ്യമങ്ങളിൽ ഏറ്റവുമധികം വോട്ടഭ്യർത്ഥിക്കപ്പെട്ട സ്ഥാനാർത്ഥികളിലൊരാളാണ് ശശീന്ദ്രൻ. സംശുദ്ധ രാഷ്ട്രീയത്തിന്റെ പ്രതീകമായി എല്ലാവരും ഇദ്ദേഹത്തെ കണ്ടു. രാഷ്ട്രീയ വോട്ടുകളുടെ കാര്യത്തിൽ യു.ഡി.എഫിന് മേൽക്കൈയുള്ള മണ്ഡലത്തിൽ ജനകീയ ബന്ധങ്ങളുടെ അടിത്തറയിൽ നിന്ന് രാഷ്ട്രീയത്തിനതീതമായി ശശീന്ദ്രൻ നടത്തിയ കടന്നുകയറ്റമാണ് ശ്രേയാംസിനെ വീഴ്ത്തിയത്. പ്രചാരണത്തിന്റെ ഒരു ഘട്ടത്തിൽ ശ്രേയാംസിന് പരാജയം മണത്തിരുന്നുവെങ്കിലും ഇത്രയും കനത്തതായിരിക്കുമെന്ന് എൽ.ഡി.എഫ്. പോലും വിചാരിച്ചിട്ടുണ്ടാവില്ല. 13,083 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് ശശീന്ദ്രൻ എൽ.ഡി.എഫിനായി കൽപ്പറ്റ പിടിച്ചത്. കഴിഞ്ഞ തവണ ശ്രേയാംസ് 18,169 വോട്ടുകളുടെ ഭൂരിപക്ഷത്തിന് ജയിച്ച മണ്ഡലമാണിത്. എൽ.ഡി.എഫ്. തരംഗത്തിൽ കടപുഴകാതെ നിന്ന ഏക മണ്ഡലം സുൽത്താൻ ബത്തേരിയാണ്. യു.ഡി.എഫ്. സിറ്റിങ് എം.എൽ.എ. ഐ.സി.ബാലകൃഷ്ണൻ കഴിഞ്ഞ തവണത്തെക്കാൾ വലിയ ഭൂരപക്ഷത്തിന് ജയിച്ചു. ജനാധിപത്യ രാഷ്ട്രീയ സഭ എന്ന പാർട്ടിയുമായി എൻ.ഡി.എയിൽ ചെന്നുകയറിയ മുത്തങ്ങ സമരനായിക സി.കെ.ജാനുവിന്റെ സാന്നിദ്ധ്യം ഈ മണ്ഡലത്തിലെ മത്സരം ശ്രദ്ധേയമാക്കിയിരുന്നു. ജയം നേടുമെന്ന പ്രതീതി ജനിപ്പിച്ചുവെങ്കിലും 27,920 വോട്ടുകളുമായി മൂന്നാമതെത്താനേ അവർക്കായുള്ളൂ. വിജയിച്ച സ്ഥാനാർത്ഥിയായ ബാലകൃഷ്ണനെക്കാൾ 47,827 വോട്ടുകൾ പിന്നിൽ.

കണ്ണൂർ കൂടുതൽ ചുവക്കുമെന്ന പ്രവചനം അച്ചട്ടായി. സംസ്ഥാന ഭരണം ലക്ഷ്യമിട്ട എൽ.ഡി.എഫിന് കണ്ണൂരിലെ മികച്ച വിജയം അനിവാര്യത മാത്രമല്ല അഭിമാനപ്രശ്നം കൂടിയായിരുന്നു. പിണറായി വിജയനടക്കം എൽ.ഡി.എഫിന്റെ പ്രധാന നേതാക്കളെല്ലാം കണ്ണൂരുകാരാണെന്നതു തന്നെ കാരണം. 2011ൽ ആകെയുള്ള 11 സീറ്റിൽ എൽ.ഡി.എഫിന് 6 യു.ഡി.എഫിന് 5 എന്നതായിരുന്നു സ്ഥിതി. ഇക്കുറി എൽ.ഡി.എഫിന്റെ അക്കൗണ്ടിൽ 2 സീറ്റ് കൂടി. കണ്ണൂർ മണ്ഡലം ആദ്യമായി എൽ.ഡി.എഫ്. പിടിച്ചെടുത്തപ്പോൾ


**N B S  N E W S**




₹ 260

## വാരഫലത്തിന്റെ വരപ്രസാദം

എഴുത്തിലും വായനയിലും പ്രഭാഷണത്തിലും അദ്ധ്യാപനത്തിലും ഒരേ കാലം കുലീനതയാർന്ന വ്യക്തിത്വം നിലനിർത്തിയ പ്രൊഫ. എം. കൃഷ്ണൻനായർ എന്ന ജീനിയസ്സിനെ ആധികാരികമായി വിലയിരുത്തുന്ന പുസ്തകം.

₹ 200




## ആന-കാഴ്ചയുടെ കാണാപ്പുറങ്ങൾ

ആനയുടെ ഉത്പത്തി, ശരീരശാസ്ത്രം, കാട്ടാനകളുടെ ജീവിതരീതി, കാട്ടാനകൾ നേരിടുന്ന പ്രശ്നങ്ങൾ ഇവയെല്ലാം അന്വേഷണാത്മകനിരീക്ഷണങ്ങളോടെ പഠനവിധേയമാക്കുന്ന മികച്ച റഫറൻസ് പുസ്തകം.

spcs

**നാഷണൽ ബുക്ക് സ്റ്റാൾ**

സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ വില്പനവിഭാഗം

കേരളത്തിലുടനീളം ശാഖകൾ

Ph. 0481 2564111, 2301812

കൂത്തുപറമ്പിൽ മന്ത്രി കെ.പി.മോഹനനാണ് അടിപതറിയത്. നാലു പ്രധാന മണ്ഡലങ്ങളിൽ വിമതർ രംഗത്തുവന്നത് യു.ഡി.എഫിന് ഭീഷണി ആയിരുന്നുവെങ്കിലും ഫലത്തിൽ അതു നിർണ്ണായകമായില്ല. യു.ഡി.എഫ്. വിമതർ മത്സരിച്ചതിൽ കണ്ണൂർ മാത്രമാണ് എൽ.ഡി.എഫിന് പിടിച്ചെടുക്കാനായത്. അതിൽ വിമതന്റെ പങ്ക് ഇല്ലായിരുന്നുതാനും. കോൺഗ്രസ് "എ' ഗ്രൂപ്പിൽ നിന്ന് "ഐ' ഗ്രൂപ്പിലേക്ക് മാറിയെത്തിയ സതീശൻ പാച്ചേനിക്ക് ഇത്തവണയും രക്ഷയുണ്ടായില്ല. കോൺഗ്രസ്-എസ്സിലെ കടന്നപ്പള്ളി രാമചന്ദ്രൻ എൽ.ഡി.എഫിനുവേണ്ടി 1,196 വോട്ടുകളുടെ ഭൂരിപക്ഷത്തിന് കണ്ണൂർ പിടിച്ചു. കോൺഗ്രസ് വിമതൻ എൻ.പി.സത്താർ നേടിയത് 755 വോട്ടുകൾ മാത്രം. സംഘടനാ രംഗത്തു നിന്ന് പാർലമെന്ററി രംഗത്തേക്കുള്ള പിണറായി വിജയന്റെ രണ്ടാം വരവ് ധർമ്മടത്തുകാർ 36,905 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ ആഘോഷിച്ചു. വാർത്താചാനൽ മേധാവിയുടെ കോട്ടും സൂട്ടും ഉപേക്ഷിച്ച് രാഷ്ട്രീയക്കാരന്റെ മുണ്ടും ഷർട്ടുമണിഞ്ഞ് സി.പി.എം. സ്ഥാനാർത്ഥിയായി എത്തിയ എം.വി. നികേഷ് കുമാറിന് അഴീക്കോട്ട് കാലിടറി. മുസ്ലിം ലീഗിന്റെ സിറ്റിങ് എം.എൽ.എ. കെ.എം.ഷാജി 2,287 വോട്ടുകൾക്കാണ് വിജയിച്ചത്. 2011ൽ ഷാജിയുടെ ഭൂരിപക്ഷം വെറും 493 വോട്ടുകളായിരുന്നു. കോൺഗ്രസ് വിമതൻ പി.കെ.രാഗേഷ് നേടിയത് 1,518 വോട്ടുകൾ. അഴീക്കോട്ട് സി.പി.എം. ജയിക്കാതിരിക്കാൻ ഷാജിയെ ആർ.എസ്.എസ്. പിന്തുണച്ചുവെന്നും സി.പി.എമ്മിലെ അടിയൊഴുക്കുകൾ തന്നെയാണ് നികേഷിനെ വീഴ്ത്തിയതെന്നുമുള്ള അവലോകനങ്ങൾ പുറത്തുവരുന്നുണ്ട്. വരും ദിവസങ്ങളിൽ ഇത് ചൂടേറിയ ചർച്ചയ്ക്കു വഴിവെയ്ക്കും. എട്ടാം തവണയും സ്ഥാനാർത്ഥിയാവാനുള്ള മന്ത്രി കെ.സി.ജോസഫിന്റെ നീക്കത്തിനെതിരെ ഉയർന്ന പ്രതിഷേധം അദ്ദേഹം വിജയകരമായി മറികടക്കുന്നതാണ് കണ്ടത്. ഇരിക്കൂറിൽ 9,647 വോട്ടുകൾക്കാണ് ജോസഫ് സി.പി.ഐയിലെ കെ.ടി.ജോസിനെ തോല്പിച്ചത്. കെ.സി.ജോസഫിനെ വെല്ലുവിളിച്ച് വിമതനായി രംഗത്തു വന്ന ബിനോയ് തോമസിന് 2,734 വോട്ടുകൾ മാത്രം സമാഹരിക്കാനായി. കർഷക കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറി കെ.ജെ.ജോസഫ് വിമതനായി അവതരിച്ച പേരാവൂരിൽ കോൺഗ്രസ് സിറ്റിങ് എം.എൽ.എ. സണ്ണി ജോസഫ് കഴിഞ്ഞ തവണത്തെക്കാൾ ഭൂരിപക്ഷം ഉയർത്തുന്നതാണ് കണ്ടത്. 7,989 വോട്ടുകളുടെ ഭൂരിപക്ഷത്തിന് സണ്ണി വിജയിച്ചപ്പോൾ വിമതൻ ജോസഫിന് കിട്ടിയത് വെറും 241 വോട്ടുകൾ. കൂത്തുപറമ്പിൽ കടുത്ത മത്സരമായിരുന്നുവെങ്കിലും മന്ത്രി കെ.പി.മോഹനനെ സി.പി.എമ്മിന്റെ കെ.കെ.ശൈലജ തോൽപ്പിച്ചത് വ്യക്തമായ മാർജിനിലാണ്. 12,291 വോട്ടുകളുടെ ഭൂരിപക്ഷത്തിന് മണ്ഡലം ചുവപ്പണിഞ്ഞപ്പോൾ അന്ത്യമായത് പെരിങ്ങളം കേന്ദ്രീകരിച്ച് പി.ആർ. കുറുപ്പും പിന്നീട് അദ്ദേഹത്തിന്റെ മകൻ കെ.പി.മോഹനനും കെട്ടിപ്പടുത്ത സോഷ്യലിസ്റ്റ് ആധിപത്യം. ഇടയ്ക്ക് എൽ.ഡി.എഫിലേക്ക് ജെ.ഡി.യുവിനെ എത്തിക്കാനുള്ള എം.പി.വീരേന്ദ്രകുമാറിന്റെ നീക്കത്തെ മോഹനൻ ചെറുത്തത് കൂത്തുപറമ്പ് യു.ഡി.എഫ്. സ്വാധീന മണ്ഡലമാണെന്ന കാരണം പറഞ്ഞായിരുന്നുവെന്നത് വിധിവൈപരീത്യം. സി.പി.എമ്മിന്റെ കൈവശമുള്ള പയ്യന്നൂർ, കല്യാശ്ശേരി, തളിപ്പറമ്പ്, മട്ടന്നൂർ മണ്ഡലങ്ങളിൽ ഭൂരിപക്ഷം 40,000 കടന്നു. സിറ്റിങ് എം.എൽ.എമാരായ സി.കൃഷ്ണൻ പയ്യന്നൂരിനെയും ടി.വി.രാജേഷ് കല്യാശ്ശേരിയെയും ജയിംസ് മാത്യു തളിപ്പറമ്പിനെയും ഇ.പി.ജയരാജൻ മട്ടന്നൂരിനെയും നിയമസഭയിൽ ഒരു വട്ടം കൂടി പ്രതിനിധീകരിക്കും. കണ്ണൂരിലെ സിറ്റിങ് എം.എൽ.എ. എ.പി.അബ്ദുള്ളക്കുട്ടി മണ്ഡലം മാറി യു.ഡി.എഫ്. സ്ഥാനാർത്ഥിയായി മത്സരിക്കാനെത്തിയതിന്റെ പേരിൽ ശ്രദ്ധ നേടിയ തലശ്ശേരിയിൽ ഡി.വൈ.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് എ.എൻ.ഷംസീറിന് അനായാസ വിജയം. പ്രചാരണരംഗത്ത് അബ്ദുള്ളക്കുട്ടി സൃഷ്ടിച്ച കോലാഹലമെല്ലാം അവഗണിച്ച ജനങ്ങൾ ഷംസീറിന് 34,117 വോട്ടുകളുടെ ഭൂരിപക്ഷം നൽകി. ആർ.എസ്.എസ്. -സി.പി.എം. രാഷ്ട്രീയ സംഘർഷങ്ങളുടെ പേരിൽ കുപ്രസിദ്ധമാണെങ്കിലും



ജില്ലയിൽ എൻ.ഡി.എയ്ക്ക് 20,000ലേറെ വോട്ടുകൾ സമാഹരിക്കാനായത് രണ്ടു മണ്ഡലങ്ങളിൽ മാത്രം -കൂത്തുപറമ്പിലും തലശ്ശേരിയിലും.

പ്രവചനം അസാദ്ധ്യമാക്കുന്ന പ്രതീക്ഷകളായിരുന്നു കാസർകോട് ജില്ലയിലെ മത്സരങ്ങളുടെ പ്രത്യേകത. 2011ൽ എൽ.ഡി.എഫിന് 3 സീറ്റും യു.ഡി.എഫിന് 2 സീറ്റും ലഭിച്ചു. 2016ലും സ്ഥിതി മാറ്റമില്ലാതെ തുടരുന്നു. ത്രികോണ മത്സരങ്ങളാണ് കാസർകോടിനെ ശ്രദ്ധേയമാക്കിയത്. ത്രികോണത്തിന്റെ ഫലമായി താമര വിരിയുമോ എന്ന ചോദ്യം വീറും വാശിയുമേറ്റി. ലീഗ് ജയിച്ച കാസർകോട്ടും മഞ്ചേശ്വരത്തും പതിവുപോലെ ബി.ജെ.പി. രണ്ടാം സ്ഥാനത്തു വന്നു. പക്ഷേ, ഒ.രാജഗോപാലിലൂടെ അക്കൗണ്ട് തുറന്ന നേമത്തെക്കാൾ ബി.ജെ.പിക്ക് അഭിമാനിക്കാവുന്നത് മഞ്ചേശ്വരത്ത് കെ.സുരേന്ദ്രൻ കാഴ്ചവെച്ച വീറും വാശിയുമുള്ള പോരാട്ടത്തെച്ചൊല്ലി. ഒടുവിൽ മുസ്ലിം ലീഗിലെ സിറ്റിങ് എം.എൽ.എ. പി.ബി.അബ്ദുൾ റസാഖിനോട് വെറും 89 വോട്ടുകൾക്കാണ് സുരേന്ദ്രൻ അടിയറവു പറഞ്ഞത്. സുരേന്ദ്രന്റെ അപരനായ കെ.സുന്ദര 467 വോട്ട് നേടിയത് എടുത്തു പറയണം. അപരനില്ലായിരുന്നുവെങ്കിൽ ചരിത്രം മറ്റൊന്നായേനെ. കാസർകോട് ലീഗിന്റെ സിറ്റിങ് എം.എൽ.എ. എൻ.എ.നെല്ലിക്കുന്ന് ബി.ജെ.പിയുടെ രവീശ തന്ത്രി കുണ്ടാറെ തോല്പിച്ചത് 8,607 വോട്ടുകൾക്ക്. വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിൽ കുണ്ടാർ 7,500 വോട്ടുകൾ വരെ ലീഡ് നേടിയ ശേഷമാണ് പിന്നിൽ പോയത്. കണ്ണൂരിൽ നിന്ന് ഉദുമയിൽ മത്സരിക്കാനെത്തിയ കോൺഗ്രസ് നേതാവ് കെ.സുധാകരൻ സി.പി.എമ്മിന്റെ സിറ്റിങ് എം.എൽ.എ. കെ.കുഞ്ഞിരാമനെ വിറപ്പിച്ചുവിട്ടു. കഴിഞ്ഞ തവണത്തെ കുഞ്ഞിരാമന്റെ ഭൂരിപക്ഷം 11,380 വോട്ടുകൾ ആയിരുന്നുവെങ്കിൽ ഇത്തവണ അത് 3,832 ആയി കുറഞ്ഞു. ആവനാഴിയിലെ എല്ലാ അസ്ത്രങ്ങളും പ്രയോഗിച്ചിട്ടും സുധാകരന് ജയിക്കാനായില്ല. ലോക്സഭാ തിരഞ്ഞെടുപ്പിൽ 24,584 വോട്ടുകൾ നേടിയ ബി.ജെ.പിക്ക് ഇത്തവണ വളർച്ചാസാദ്ധ്യതയുണ്ടായിട്ടും വോട്ട് നേട്ടം 21,231 ആയി കുറഞ്ഞത് സംശയങ്ങൾക്കു കാരണമായിട്ടുണ്ട്. അതേസമയം എൽ.ഡി.എഫിനും യു.ഡി.എഫിനും 10,000ലധികം വോട്ടുകളുടെ വർദ്ധനയുണ്ടാവുകയും ചെയ്തു. കാഞ്ഞങ്ങാട് സി.പി.ഐയുടെ സിറ്റിങ് എം.എൽ.എ. ഇ.ചന്ദ്രശേഖരൻ ഭൂരിപക്ഷം ഇരട്ടിയിലേറെ വർദ്ധിപ്പിച്ച് മണ്ഡലം നിലനിർത്തി. തൃക്കരിപ്പൂരിൽ ജയിച്ച സി.പി.എമ്മിന്റെ എം.രാജഗോപാലനാണ് ജില്ലയിൽ നിന്നുള്ള ഏക പുതുമുഖം.

വൻ വിജയം നേടുമ്പോഴും കഴിഞ്ഞ നിയമസഭയിലെ അവരുടെ ചില മുന്നണിപ്പോരാളികൾക്ക് തിരഞ്ഞെടുപ്പിൽ കാലിടറിയത് എൽ.ഡി.എഫിന് നഷ്ടബോധമുണ്ടാക്കുന്നുണ്ട്. നേമത്ത് വി.ശിവൻകുട്ടിയുടെ പരാജയമാണ് അതിൽ പ്രധാനം. ശിവൻകുട്ടി തോറ്റുവെന്നത് മാത്രമല്ല നേമത്ത് താമര വിരിഞ്ഞു എന്നതും അവരെ അലോസരപ്പെടുത്തുന്നു. കോവളത്തെ ജമീല പ്രകാശം, കുറ്റ്യാടിയിലെ കെ.കെ.ലതിക, പെരുമ്പാവൂരിലെ സാജു പോൾ എന്നിവരും എൽ.ഡി.എഫിനെ വേദനിപ്പിക്കുന്ന നഷ്ടങ്ങൾ തന്നെ. അങ്കമാലിയിൽ ജോസ് തെറ്റയിലിനു പകരം വന്ന ബെന്നി മുഞ്ഞേലിയും സീറ്റ് നിലനിർത്തുന്നതിൽ പരാജയപ്പെട്ടു. കഴിഞ്ഞ സഭയിൽ 7 വനിതകളുണ്ടായിരുന്നത് ഇക്കുറി 8 ആയി വർദ്ധിച്ചിട്ടുണ്ട്. എല്ലാവരും എൽ.ഡി.എഫ്. തന്നെ.

കഴിഞ്ഞ തവണ മന്ത്രി പി.കെ.ജയലക്ഷ്മിയായിരുന്നു യു.ഡി.എഫിലെ ഏക വനിത. ഇത്തവണ ജയലക്ഷ്മി തോറ്റതോടെ യു.ഡി.എഫിൽ ആരുമില്ലാതായി. കെ.കെ.ശൈലജ, പി.അയിഷാപോറ്റി, ജെ.മേഴ്സിക്കുട്ടിയമ്മ, യു.പ്രതിഭാഹരി, വീണാ ജോർജ് എന്നിവർ സി.പി.എമ്മിനെയും ഇ.എസ്.ബിജിമോൾ, ഗീതാ ഗോപി, സി.കെ.ആശ എന്നിവർ സി.പി.ഐയെയും പ്രതിനിധീകരിക്കുന്നു. ഇത്തവണത്തെ മന്ത്രിസഭയിൽ 2 വനിതകൾ ഉണ്ടാകുമെന്ന വാർത്തകൾ പുറത്തേക്കുവരുന്നുണ്ട്. പത്തിൽ താഴെ മണ്ഡലങ്ങളിൽ സ്വാധീനമുണ്ടായിരുന്ന എൻ.ഡി.എ. ഇപ്പോൾ 120ൽപരം മണ്ഡലങ്ങളിലേക്ക് സാന്നിദ്ധ്യം വർദ്ധിപ്പിച്ചിരിക്കുന്നു. ഏഴിടത്ത് രണ്ടാമതെത്തിയ അവർ വളർച്ചയുടെ മറ്റൊരു ഘട്ടം പൂർത്തിയാക്കുകയാണ്.


യെസ് പ്രസ് ബുക്സ്
അക്ഷരവസന്തം
ജീവിതത്തേയും മരണത്തേയും ഒരേമട്ടിൽ അഭിസംബോധന ചെയ്യുന്ന കഥകൾ


വെയിൽ വിളിക്കുന്നു
കഥകൾ

മനോജ് വെങ്ങോല
നൂറുനൂറു വഴികൾ തുറന്നുപോകാൻ കഴിയുന്നവയാണ് ഈ പുസ്തകത്തിലെ ഓരോ കഥകളും. വായനയിലൂടെ ജീവിതാപഗ്രഥനത്തിലൂടെ, അതിസാഹസികമായ മാനസിക സഞ്ചാരങ്ങളിലൂടെ ഓരോ കഥയും സമഗ്രജീവിതത്തിന്റെ ഊർജ്ജമാണ് അടക്കിവച്ചിട്ടുള്ളത്.
ഈ പുസ്തകം ലഭിക്കാൻ ഇന്നു തന്നെ വിളിക്കൂ...
91425 77778
YPB 1
YES PRESS BOOKS
Oushadhi Jn., Court Road
Perumbavoor - 683 542
Ph : 91425 88887, 91420 88887
90485 88887, 85471 75887
E-mail : yespresbooks@gmail.com